01
2025
ജൂലൈ
ചൊവ്വ
മിഥുനം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.174 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-174 പേജ് 4. വില 2.00 രൂപ

02 പുതിയ മാറ്റങ്ങളോടെ റേഡിയോശ്രീ ഇന്നുമുതൽ ശ്രോതാക്കളിലേക്ക്
03 വിമാനദുരന്തം: അട്ടിമറി സാധ്യത പരിശോധിക്കുന്നതായി കേന്ദ്രം
04 മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തെ പിന്തുടർന്ന് നമ്പരില്ലാത്ത കാർ

# പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ



തിരുവനന്തപുരം: സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറിനെ തെരഞ്ഞെടുത്തു. രാവിലെ ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിൽ മുഖ്യമന്ത്രിയാണ് പോലീസ് മേധാവിയെ തെരഞ്ഞെടുത്തത്. റവാഡ ചന്ദ്രശേഖർ ചൊവ്വാഴ്ച ചുമതലയേൽക്കും. കേന്ദ്രസർവീസിൽ നിന്ന് അദ്ദേഹത്തിന് വിടുതൽ നൽകി. ഇത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പ് ഉത്തരവിറക്കി.

നിയുക്ത പോലീസ് മേധാവി കണ്ണൂരിൽ നടക്കുന്ന മുഖ്യമന്ത്രിയുടെ യോഗത്തിലും പങ്കെടുക്കും.

ആന്ധ്രാപ്രദേശിലെ വെസ്റ്റ് ഗോദാവരി സ്വദേശിയായ റവാഡ ചന്ദ്രശേഖർ 1991 ഐപിഎസ് ബാച്ച് കേരള കേഡർ ഉദ്യോഗസ്ഥനാണ്. ദീർഘകാലമായി അദ്ദേഹം കേന്ദ്ര ഡെപ്യൂട്ടേഷനിലാണ്.

കേന്ദ്ര കാബിനറ്റ് സെക്രട്ടേറിയറ്റിൽ സുരക്ഷ ചുമതലയുള്ള കാബിനറ്റ് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹത്തിന് ഒരു വർഷം കൂടി സർവീസ് കാലാവധിയുണ്ട്. യുപിഎസ്സി കൈമാറിയ മൂന്നംഗ പട്ടികയിലെ രണ്ടാമനായിരുന്നു ഐബി സ്പെഷൽ ഡയറക്ടറായ റവാഡ ചന്ദ്രശേഖർ. നിധിൻ അഗർവാൾ, യോഗേഷ് ഗുപ്ത എന്നിവരും പട്ടികയിൽ ഉണ്ടായിരുന്നു. നിലവിലെ പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിച്ച സാഹചര്യത്തിലാണ് പുതിയ പോലീസ് മേധാവിയെ തെരഞ്ഞെടുത്തത്. ആന്ധ്രാപ്രദേശിലെ വെസ്റ്റ് ഗോദാവരി സ്വദേശിയായ റവാഡ ചന്ദ്രശേഖർ 1991 ഐപിഎസ് ബാച്ച് കേരള കേഡർ ഉദ്യോഗസ്ഥനാണ്. ദീർഘകാലമായി അദ്ദേഹം കേന്ദ്ര ഡെപ്യൂട്ടേഷനിലാണ്. കേന്ദ്ര കാബിനറ്റ് സെക്രട്ടറിയേറ്റിൽ സുരക്ഷ ചുമതലയുള്ള കാബിനറ്റ് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹത്തിന് ഒരുവർഷം കൂടി സർവീസ് കാലാവധിയുണ്ട്. തലശേരി എഎസ്പിയായി സർവീസ് ആരംഭിച്ച റവാഡ കൂത്തുപറമ്പു വെടിവയ്പ്പിനെ തുടർന്ന് സസ്പെഷനിലായിരുന്നു. പിന്നീട് സർവീസിൽ തിരിച്ചെത്തിയ അദ്ദേഹം വിവിധ ജില്ലകളിൽ പോലീസ് മേധാവിയായി സേവനമനുഷ്ഠിച്ചു.

ഐബിയിലേക്ക് ഡപ്യൂട്ടേഷനിൽ പോയ അദ്ദേഹം നക്സൽ ഓപ്പറേഷൻ ഉൾപ്പെടെ രഹസ്യന്വേഷണ വിഭാഗത്തിലെ നിർണായക തസ്തികകളിൽ ജോലി ചെയ്തു. പിന്നീട് ഐബി സ്പെഷൽ ഡയറക്ടറായി സേവനമനുഷ്ഠിക്കവേയാണ് സംസ്ഥാന പോലീസ് മേധാവി തസ്തികയിലേക്ക് വരാൻ താത്പര്യമറിയിച്ചത്. ഭാര്യ: സരിത. കാർത്തിക്, വസിഷ്ഠ് എന്നിവരാണ് മക്കൾ.

## തെലുങ്കാനയിലെ കെമിക്കൽ ഫാക്ടറിയിൽ വൻ പൊട്ടിത്തെറി; 10 മരണം

ഹൈദരാബാദ്: തെലുങ്കാനയിലെ സംഗറെഡ്ഡി ജില്ലയിൽ കെമിക്കൽ ഫാക്ടറിയിലുണ്ടായ പൊട്ടിത്തെറിയിൽ 10 പേർ മരിച്ചു. 26 പേർക്ക് പരിക്കേറ്റു. ഇന്നു രാവിലെ പസമൈലാരം വ്യവസായികമേഖലയിലെ സിഗാച്ചി കെമിക്കൽ ഫാക്ടറിയിലാണ് അപകടമുണ്ടായത്. ഫാക്ടറിയിലെ റിയാക്ടർ പൊട്ടിത്തെറിച്ചാണ് അപകടമുണ്ടായതെന്നാണ് റിപ്പോർട്ട്.

പൊട്ടിത്തെറിക്ക് പിന്നാലെ ഫാക്ടറിയിൽ വലിയ തോതിൽ തീപടർന്നു. ആറുപേർ സംഭവസ്ഥലത്തു വെച്ചും ബാക്കിയുള്ളവർ ആശുപത്രിയിൽവെച്ചും മരിച്ചെന്നാണ് വിവരം.

വിവിധയിടങ്ങളിൽനിന്നുള്ള പതിനൊന്നോളം അഗ്നിരക്ഷാ യൂണിറ്റുകളും സംസ്ഥാന, ദേശീയ ദുരന്ത നിവാരണസേനയും പോലീസും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തുന്നത്.

അപകടത്തിൽ പരുക്കേറ്റവരെ അടുത്തുള്ള ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ഇതിൽ പലരുടെയും നില അതീവ ഗുരുതരമാണ്.

## തമിഴ്നാട് മത്സ്യത്തൊഴിലാളികളെ അറസ്റ്റ് ചെയ്ത് ശ്രീലങ്ക; കേന്ദ്രത്തോട് സഹായം ആവശ്യപ്പെട്ട് സ്റ്റാലിൻ

ചെന്നൈ: തമിഴ്നാട്ടിൽനിന്നുള്ള മത്സ്യത്തൊഴിലാളികളെ അറസ്റ്റ് ചെയ്ത് ശ്രീലങ്ക. രാമേശ്വരത്ത് നിന്നുള്ള എട്ട് മത്സ്യത്തൊഴിലാളികളെയാണ് പിടികൂടിയത്. ഇവരുടെ മത്സ്യബന്ധന ബോട്ടും പിടിച്ചെടുത്തു.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതമായ തിരിച്ചുവരവ് ഉറപ്പാക്കണമെന്ന് കേന്ദ്രത്തോട് തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ ആവശ്യപ്പെട്ടു.

മത്സ്യത്തൊഴിലാളികളെയും അവരുടെ ബോട്ടിനെയും സുരക്ഷിതമായി നാട്ടിലേക്ക് എത്തിക്കുന്നതിന് അടിയന്തര ഇടപെടൽ ആവശ്യമാണെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കറിന് എഴുതിയ കത്തിൽ സ്റ്റാലിൻ പറഞ്ഞു.

## കടലിൽ കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി

അമ്പലപ്പുഴ: പൊങ്ങുവള്ളത്തിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ പറവൂർ ചാണിയിൽ സ്റ്റീഫന്റെ (റോക്കി-56) മൃതദേഹമാണ് കണ്ടെത്തിയത്.

കാണാതായ സ്ഥലത്തുനിന്ന് 12 കിലോമീറ്റർ തെക്കുമാറി പുറക്കാട് തീരത്തിനടുത്താണ് ഞായറാഴ്ച രാവിലെ മൃതദേഹം കണ്ടെത്തിയത്. മത്സ്യബന്ധന വകുപ്പിന്റെ രക്ഷാബോട്ടിൽ തോട്ടപ്പള്ളി തുറമുഖത്ത് കൊണ്ടുവന്ന മൃതദേഹം ആംബുലൻസിൽ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. തോട്ടപ്പള്ളി തീരദേശ പോലീസ് മേൽനടപടി സ്വീകരിച്ച് പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും.

വെള്ളിയാഴ്ച പുലർച്ചെ പറവൂർ പടിഞ്ഞാറ് പന്ത്രണ്ടാം വാർഡ് നർബോണാപള്ളിക്ക് പടിഞ്ഞാറ് നിന്നും പൊങ്ങുവള്ളത്തിൽ മത്സ്യബന്ധനത്തിന് പോയ റോക്കിയെ കാണാതാവുകയായിരുന്നു. വള്ളം കടലിൽ ഒഴുകിനടക്കുന്നതു കണ്ടാണ് ഇദ്ദേഹത്തെ കാണാതായതായി മനസിലായത്. തുടർന്ന് പുന്നപ്ര പോലീസും കോസ്റ്റൽ പോലീസും, ഫിഷറീസും മത്സ്യത്തൊഴിലാളികളും തിരച്ചിൽ ആരംഭിക്കുകയായിരുന്നു.

## കൂത്തുപറമ്പ് വെടിവയ്പ്പ് ഓർമിപ്പിച്ച് പി. ജയരാജൻ

കണ്ണൂർ: സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറെ നിയമിച്ചതിൽ അതൃപ്തി പ്രകടിപ്പിച്ച് പി. ജയരാജൻ. കൂത്തുപറമ്പിൽ വെടിവയ്പ് നടത്തിയ ഉദ്യോഗസ്ഥരിൽ ഒരാളാണ് റവാഡയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മെറിറ്റ് കണക്കിലെടുത്തായിരിക്കാം നിയമനം. എങ്കിലും ഇക്കാര്യം വിശദീകരിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നും ജയരാജൻ കൂട്ടിച്ചേർത്തു.

ഇന്നു രാവിലെ ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിൽ മുഖ്യമന്ത്രിയാണ് പോലീസ് മേധാവിയെ തെരഞ്ഞെടുത്തത്. യുപിഎസ്സി കൈമാറിയ മൂന്നംഗ പട്ടികയിലെ രണ്ടാമനായിരുന്നു ഐബി സ്പെഷൽ ഡയറക്ടറായ റവാഡ ചന്ദ്രശേഖർ. ആന്ധ്രാപ്രദേശിലെ വെസ്റ്റ് ഗോദാവരി സ്വദേശിയായ റവാഡ ചന്ദ്രശേഖർ 1991 ഐപിഎസ് ബാച്ച് കേരള കേഡർ ഉദ്യോഗസ്ഥനാണ്.

## കെ. ഡി. ആർ. ബിയെ വിജിലൻസ് പരിധിയിൽ ഉൾപ്പെടുത്താൻ അഭ്യർത്ഥന

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ സംസ്ഥാന വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ സർക്കാരിനോട് ആവശ്യപ്പെട്ട് കത്തയയ്ക്കാൻ ബോർഡ് യോഗം തീരുമാനിച്ചു. ജൂൺ 30-ന് ചേർന്ന യോഗത്തിലാണ് ഈ തീരുമാനം. ബോർഡ് നടത്തുന്ന നിയമനങ്ങളെക്കുറിച്ച് പൊതുജനങ്ങളിലുള്ള തെറ്റിദ്ധാരണ മുതലെടുത്ത് ജോലി വാഗ്ദാനം ചെയ്ത് പണപ്പിരിവ് നടത്തുന്ന തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഈ നടപടി.

## ചികിത്സാ പ്രതിസന്ധി, എല്ലാ വിഷയങ്ങളും സമിതി അന്വേഷിക്കണം: ഡോ. ഹാരിസ്

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളജിലെ ചികിത്സാ പ്രതിസന്ധിയെക്കുറിച്ച് അന്വേഷിക്കാൻ അന്വേഷണ സമിതിയെ നിയോഗിച്ച സർക്കാർ തീരുമാനത്തോട് യോജിപ്പുണ്ടെന്നും എന്നാൽ പ്രശ്നം പരിഹരിക്കാൻ ഉടൻ നടപടി വേണമെന്നും മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസ് ചിറയ്ക്കൽ.

താൻ ഉന്നയിച്ച എല്ലാ വിഷയങ്ങളും സമിതി അന്വേഷിക്കണം. മെഡിക്കൽ കോളജിലെ ഭരണപരമായ കാര്യങ്ങളുടെ ബാലപാഠം അറിയാത്തവരാണ് പ്രിൻസിപ്പാളും സൂപ്രണ്ടും. അതിനാൽ ഇരുവർക്കും പരിമിതികളും ഭയവും പല കാര്യങ്ങളിലും ഉണ്ട്. ഭരണപരമായ പരിചയമുള്ളവരെ ഇത്തരത്തിലുള്ള സുപ്രധാന പദവികളിൽ ചുമതല നൽകണമെന്നും ഡോ. ഹാരിസ് വ്യക്തമാക്കി. മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായാണ് അദ്ദേഹം ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. ശസ്ത്രക്രിയ ഉപകരണങ്ങളുടെ അഭാവം മൂലം സർക്കാർ മെഡിക്കൽ കോളജിൽ ശസ്ത്രക്രിയകൾ മുടങ്ങിയതിനെക്കുറിച്ച് നിശിതമായി വിമർശനം ഉന്നയിച്ചതിനെത്തുടർന്നാണ് സർക്കാർ അന്വേഷണ സമിതിയെ നിയോഗിച്ചത്. കോട്ടയം മെഡിക്കൽ കോളജിലെ സൂപ്രണ്ട്, യൂറോളജി വിഭാഗം മേധാവി, ആലപ്പുഴ മെഡിക്കൽ കോളജ് പ്രിൻസിപ്പൾ, നെഫ്രോളജി വിഭാഗം മേധാവി എന്നിവരാണ് സമിതിയിലെ അംഗങ്ങൾ.

## നുഴഞ്ഞുകയറ്റ ശ്രമം തകർത്തു; പാക് പൗരൻ പിടിയിൽ

ശ്രീനഗർ: നിയന്ത്രണരേഖ വഴി ഇന്ത്യയിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ച പാക് പൗരൻ പിടിയിൽ. ജെയ്ഷെ മുഹമ്മദ് ഭീകരവാദികളെ കാഷ്മീരിലേക്ക് കടക്കാൻ സഹായിച്ച ആരിഫ് (20) ആണ് പിടിയിലായത്.

ഭീകരവാദികളുടെ നുഴഞ്ഞുകയറ്റ ശ്രമം പരാജയപ്പെടുത്തിയെന്ന് സൈന്യം പറഞ്ഞു. നിയന്ത്രണരേഖയിൽ സംശയാസ്പദമായി കണ്ട നാലു യുവാക്കൾക്കു നേരെ സൈന്യം വെടിയുതിർക്കുകയായിരുന്നു.

പരിക്കേറ്റ ഭീകരർ പാക്കിസ്ഥാനിലേക്ക് രക്ഷപ്പെട്ടെന്നും സൈനിക വക്താവ് പറഞ്ഞു. ആരിഫിൽ നിന്ന് 20, 000 പാക്കിസ്ഥാൻ രൂപയും മൊബൈൽഫോണും പിടിച്ചെടുത്തു. ഇയാൾക്ക് പ്രദേശത്തെക്കുറിച്ച് കൃത്യമായ ധാരണയുള്ളയാളാണെന്നും പാക് അധിനിവേശ കാഷ്മീരിലാണ് ഇയാൾ താമസിക്കുന്നതെന്നും സൈന്യവക്താവ് പറഞ്ഞു.

## വി. എസിന്റെ ആരോഗ്യനില അതീവ ഗുരുതരം

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന്റെ ആരോഗ്യനില അതീവ ഗുരുതരം. ആന്തരികാവയവങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നാണ് സർക്കാർ നിയോഗിച്ച വിദഗ്ധ സംഘത്തിന്റെ വിലയിരുത്തൽ.

രക്തസമ്മർദ്ദവും വൃക്കകളുടെ പ്രവർത്തനവും സാധാരണ നിലയിലല്ല. വിദഗ്ധ സംഘത്തിന്റെ നിർദേശപ്രകാരം ഡയാലിസിസ് പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്.

നിലവിൽ നൽകുന്ന ചികിത്സയും വെൻറലേറ്റർ സപ്പോർട്ടും തുടരാനാണ് വിദഗ്ധ സംഘത്തിന്റെ നിർദ്ദേശം. കഴിഞ്ഞ തിങ്കളാഴ്ച രാവിലെയാണ് ഹൃദയാഘാതത്തെ തുടർന്ന് വി. എസ്. അച്യുതാനന്ദനെ തിരുവനന്തപുരം എസ്യുടി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

## യുവദമ്പതികൾ മരിച്ച നിലയിൽ

ഈരാറ്റുപേട്ട: കോട്ടയം ഈരാറ്റുപേട്ട പനയ്ക്കപ്പാലത്ത് യുവദമ്പതികളെ വാടക വീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തി. രാമപുരം കൂടപ്പുലം രാധാഭവനിൽ വിഷ്ണു, ഭാര്യ രശ്മി എന്നിവരാണ് മരിച്ചത്. വീട്ടിലെ മുറിക്കുള്ളിൽ കെട്ടിപ്പിടിച്ച് കിടക്കുന്ന നിലയിലുള്ള ഇവരുടെ കൈയിൽ സിറിഞ്ച് ടേപ്പ് ഉപയോഗിച്ച് കെട്ടിവെച്ചിട്ടുണ്ട്. ദമ്പതികൾ വാടകയ്ക്ക് താമസിച്ചുവരികയായിരുന്നു.

## കെഎസ്എഫ്ഇയിൽ നിന്ന് ആൾമാറാട്ടം നടത്തി ചിട്ടി തുക തട്ടി; ഏജൻറ് അറസ്റ്റിൽ

തിരുവനന്തപുരം: കാട്ടാക്കട കെഎസ്എഫ്ഇയിൽ നിന്ന് ആൾമാറാട്ടം നടത്തി വ്യാജ ഒപ്പിട്ട് ചിട്ടി തുക കൈക്കലാക്കിയ സംഭവത്തിൽ ഒരാൾ അറസ്റ്റിൽ. കള്ളിക്കാട് മൈലക്കര സ്വദേശിയും കെഎസ്എഫ്ഇ ചിട്ടി കളക്ഷൻ ഏജൻറുമായ അഭിജിത് (30) ആണ് പിടിയിലായത്. 2024 ജൂലൈ 15 നാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. അഭിജിത്ത്, സാം രാജ്, ചിട്ടി അംഗമായ ശരണ്യ ജയൻ എന്നിവർ ചേർന്നാണ് തട്ടിപ്പ് നടത്തിയത്. കള്ളിക്കാട് സ്വദേശിയായ വിഷ്ണുവിന്റെ പാസ്ബുക്കും തവണ തുകയും കൈക്കലാക്കിയായിരുന്നു തട്ടിപ്പ് നടത്തിയത്.

ശരണ്യ ജയന് ജാമ്യം നിൽക്കുന്നത് വിഷ്ണുവാണ് എന്ന് ധരിപ്പിച്ച് സാം രാജിനെ വച്ച് ആൾമാറാട്ടം നടത്തി. ശരണ്യ ജയൻ നറുക്കെടുപ്പിലൂടെ ലഭിച്ച ചിട്ടിക്ക് ജാമ്യത്തിന് ഒപ്പിട്ട് പണം കൈക്കലാക്കുകയായിരുന്നു.



# അനിഷ ബന്ധത്തിൽ നിന്ന് പിന്മാറിയത് പകയ്ക്ക് കാരണമായി

തൃശൂർ: പുതുക്കാട് നവജാതശിശുക്കളെ കുഴിച്ചുമൂടിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. ആദ്യത്തെ കുഞ്ഞ് ജനന സമയത്ത് പൊക്കിൾക്കൊടി കഴുത്തിൽ ചുറ്റി ശ്വാസം മുട്ടി മരിച്ചതാണെന്നാണ് യുവതി മൊഴി നൽകിയിട്ടുള്ളതെന്ന് തൃശൂർ എസ്പി ബി. കൃഷ്ണകുമാർ വ്യക്തമാക്കി.

രണ്ടാമത്തെ കുഞ്ഞിന്റെ മരണം അസ്വാഭാവിക മരണമാണെന്ന് സംശയമുണ്ടെന്നും എസ്പി കൂട്ടിച്ചേർത്തു. കാമുകൻ പോലീസിന് മുന്നിൽ ഹാജരാക്കിയ അസ്ഥികൾ കുട്ടികളുടേത് തന്നെയെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

ഫോറൻസിക് സർജൻ പോലീസ് സ്റ്റേഷനിലെത്തിയാണ് അസ്ഥികൾ കുട്ടികളുടേതാണെന്ന് തിരിച്ചറിഞ്ഞത്. ഇത് ശാസ്ത്രീയ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. ഡിഎൻഎ പരിശോധന നടത്തും.

സംഭവത്തിൽ അസ്ഥി പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയ ഭവിൻ (25), കാമുകി അനീഷ (22) എന്നിവരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. രണ്ട് ആൺ കുഞ്ഞുങ്ങളാണ് മരിച്ചത്. പ്രസവിച്ച് നാലുദിവസങ്ങൾക്കുള്ളിലാണ് കുഴിച്ചിട്ടതെന്ന് പോലീസ് പറയുന്നു. രണ്ടാമത്തെ കുഞ്ഞും മരിച്ചാണ് ജനിച്ചതെന്ന അനീഷയുടെ മൊഴി പോലീസ് വിശ്വാസത്തിലെടുത്തിട്ടില്ല.

വെള്ളിക്കുളങ്ങര സ്വദേശി ഭവിനും അനീഷയും ഫേസ്ബുക്കിലൂടെയാണ് പരിചയപ്പെടുന്നത്. തുടർന്ന് സൗഹൃദം പ്രണയമായി മാറി. 2021 നവംബർ 6 ആറിനായിരുന്നു ആദ്യ പ്രസവം. യുവതിയുടെ വീട്ടിലെ ശുചിമുറിയിലായിരുന്നു പ്രസവം. കുട്ടി പ്രസവത്തോടെ മരിച്ചുവെന്നും തുടർന്ന് വീട്ടുവളപ്പിൽ കുഴിച്ചിടുകയായിരുന്നു എന്നുമാണ് അനീഷ പോലീസിനോട് പറഞ്ഞത്. ഇക്കാര്യം കാമുകനോട് പറഞ്ഞപ്പോൾ, ദോഷം തീരുന്നതിന് കർമം ചെയ്യാൻ അസ്ഥി പെറുക്കി സൂക്ഷിക്കാൻ നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അനീഷ കുഞ്ഞിന്റെ അസ്ഥി പെറുക്കി ഭവിനെ ഏൽപ്പിച്ചു. ഇതിനിടെ രണ്ടു വർഷത്തിന് ശേഷം അനീഷ വീണ്ടും ഗർഭിണിയായി. 2024 ഏപ്രിലിലായിരുന്നു രണ്ടാമത്തെ പ്രസവം നടന്നത്. വീട്ടിലെ മുറിയിലായിരുന്നു പ്രസവം. പ്രസവിച്ചയുടൻ കുഞ്ഞ് കരഞ്ഞപ്പോൾ, അയൽവാസികൾ അടക്കം കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമെന്ന ആശങ്കയിൽ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയെന്ന് പോലീസിന് മൊഴി നൽകിയെന്നാണ് സൂചന.

തുടർന്ന് ഈ മൃതദേഹവും കുഴിച്ചിട്ടു. പിന്നീട് ഈ കുഞ്ഞിന്റെ അസ്ഥിയും പെറുക്കിയെടുത്ത് ദോഷ പരിഹാര കർമങ്ങൾക്കായി ഭവിനെ ഏൽപ്പിച്ചു. അസ്ഥിക്ഷണങ്ങളെല്ലാം ഒരു സഞ്ചിയിലാക്കിയാണ് യുവാവ് വീട്ടിൽ സൂക്ഷിച്ചിരുന്നതെന്ന് പോലീസ് പറയുന്നു. മദ്യത്തിന് അടിമയായ ഭവിനുമായി ഇടക്കാലത്ത് അനീഷ തെറ്റിപ്പിരിഞ്ഞു. ഭവിനുമായി വിവാഹബന്ധം അനീഷ ഇഷ്ടപ്പെട്ടിരുന്നില്ല. ഇതിനിടെ അനീഷ മറ്റൊരു ഫോൺ കണക്ഷൻ എടുക്കുകയും മറ്റൊരാളുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തു. ഇയാളെ വിവാഹം കഴിക്കാനും അനീഷ തീരുമാനിച്ചു. ഇക്കാര്യം അറിഞ്ഞ ഭവിൻ അനീഷയുമായി വഴക്കുണ്ടാക്കി. തന്നോടൊപ്പം ജീവിക്കാൻ തയാറാകണമെന്നായിരുന്നു ഭവിന്റെ ആവശ്യം. കഴിഞ്ഞ രാത്രി ബന്ധം തുടരുമോയെന്ന ചോദ്യത്തിന്, താൽപര്യമില്ലെന്ന് യുവതി മൊഴി നൽകി. തുടർന്ന് വിവരങ്ങളെല്ലാം വീട്ടുകാരെ അറിയിക്കുമെന്ന് ഭവിൻ ഭീഷണി മുഴക്കി.

എന്നാൽ യുവതിയുടെ വീട്ടുകാരെ അറിയിക്കാൻ ശ്രമിച്ചിട്ടും ഫോണിൽ ലഭിച്ചില്ല. ഇതിനു പിന്നാലെയാണ് മദ്യലഹരിയിൽ ഭവിൻ അസ്ഥിക്ഷണങ്ങളുമായി പോലീസ് സ്റ്റേഷനിലെത്തിയത്. യുവതി ഗർഭിണിയായിരുന്നത് അറിഞ്ഞില്ലെന്നാണ് അനീഷയുടെ വീട്ടുകാർ പറയുന്നത്.

ഗർഭിണിയായിരുന്നത് മറയ്ക്കാൻ വളരെ ലൂസായ വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. ലാബ് ടെക്നീഷ്യനായി ജോലി ചെയ്തുവരികയായിരുന്നു. അയൽവാസികളുമായും വീട്ടുകാരുമായെല്ലാം അനീഷ അകലം പാലിച്ചിരുന്നുവെന്നുമാണ് പോലീസിന് ലഭിച്ചിട്ടുള്ള വിവരം.

# കെ-സ്വിഫ്റ്റ് വഴി രജിസ്റ്റർ ചെയ്ത സംരംഭങ്ങൾക്ക് താല്ക്കാലിക കെട്ടിട നമ്പർ ലഭിക്കും

തിരുവനന്തപുരം: കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇൻറർഫേസ് - ഫാസ്റ്റ് ആൻഡ് ട്രാൻസ്പരൻറ് ക്ലിയറൻസ്) https://kswift.kerala.gov.in/index/ പ്ലാറ്റ് ഫോം വഴി രജിസ്റ്റർ ചെയ്ത സംരംഭങ്ങൾക്ക് താല്ക്കാലിക കെട്ടിട നമ്പറുകൾ ഉടൻ ലഭ്യമാകും.

പുതിയ സംരംഭകർക്ക് ബാങ്ക് വായ്പകളും മറ്റ് അവശ്യ സേവനങ്ങളും കാലതാമസം കൂടാതെ ലഭ്യമാക്കാൻ താല്ക്കാലിക കെട്ടിട നമ്പറുകൾ നല്കുന്നതിലൂടെ സാധിക്കും. സംരംഭകർക്ക് ബാങ്ക് വായ്പകളും മറ്റ് അവശ്യ സേവനങ്ങളും ലഭ്യമാകണമെങ്കിൽ കെട്ടിടങ്ങൾക്ക് ഔദ്യോഗിക തിരിച്ചറിയൽ നമ്പർ ആവശ്യമാണ്.

സംരംഭങ്ങൾ തുടങ്ങാനും വിപുലീകരിക്കാനും ആഗ്രഹിക്കുന്നവർക്കായി പ്രവർത്തിക്കുന്ന ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനമാണ് കെസ്വിഫ്റ്റ്. നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കി ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ ലഭിക്കാനും ബിസിനസുകളുടെ പ്രവർത്തനം സുഗമമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

കെ-സ്വിഫ്റ്റ് വഴി രജിസ്റ്റർ ചെയ്ത 50 കോടി വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് മൂന്നര വർഷം വരെ സാധുതയുള്ള താല്ക്കാലിക കെട്ടിട നമ്പറാണ് ലഭിക്കുക. ഈ കാലയളവിൽ സംരംഭങ്ങൾ സ്ഥിരമായ ഒരു കെട്ടിട നമ്പർ നേടണം. നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കി സംസ്ഥാനത്ത് സംരംഭക സൗഹൃദാന്തരീക്ഷം വിപുലീകരിക്കാൻ ലക്ഷ്യമിട്ട് നിയമഭേദഗതി സർക്കാർ കൊണ്ടുവന്നിരുന്നു.

കെ-സ്വിഫ്റ്റ് വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അക്നോളജ്മെൻറ് സർട്ടിഫിക്കറ്റിലെ നമ്പറിനെ താല്ക്കാലിക കെട്ടിട നമ്പറായി കണക്കാക്കാം. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള (എംഎസ്എംഇ) ഒരു നിർണായക രേഖയാണ് അക്നോളജ്മെൻറ് സർട്ടിഫിക്കറ്റ്. മലിനീകരണ നിയന്ത്രണ ബോർഡ് മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് 'റെഡ്' വിഭാഗത്തിൽ പെടുത്തിയിട്ടില്ലാത്ത സംരംഭങ്ങൾക്ക് വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം മുൻകൂർ അനുമതി നേടാതെ പ്രവർത്തനം ആരംഭിക്കാൻ ഈ സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

എംഎസ്എംഇ മുതൽ വൻകിട വ്യവസായങ്ങൾ വരെയുള്ള സംരംഭങ്ങൾക്ക് പ്രവർത്തനമാരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി ലൈസൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ ലഭ്യമാക്കുന്ന സമഗ്ര ഓൺലൈൻ പോർട്ടലാണ് കെസ്വിഫ്റ്റ് . പ്രൊഫഷണലുകൾ, വ്യാപാരികൾ, സ്റ്റാർട്ടപ്പുകൾ, പുതുസംരംഭകർ എന്നിവർക്കും കെസ്വിഫ്റ്റ് ഉപയോഗപ്രദമാണ്.രജിസ്ട്രേഷനും ലൈസൻസിനുമുള്ള അപേക്ഷാ ഫോമുകൾ സമർപ്പിക്കുന്നതിനും തൊഴിൽ, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ 22 ലധികം വകുപ്പുകളിൽ നിന്നും ബോർഡുകളിൽ നിന്നും സർട്ടിഫിക്കറ്റുകളും ക്ലിയറൻസുകളും നേടുന്നതിനും കെസ്വിഫ്റ്റ് പ്രയോജനപ്പെടുത്താനാകും.

വിവിധ സർക്കാർ വകുപ്പുകളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ തത്സമയ ട്രാക്കിംഗ്, സർട്ടിഫിക്കറ്റുകളുടെ ഡൗൺലോഡിംഗ്, പരിശോധനകളുടെ ഷെഡ്യൂൾ തിരഞ്ഞെടുക്കൽ, ലൈസൻസ് പുതുക്കൽ തുടങ്ങിയവയും കെസ്വിഫ്റ്റിലൂടെ സാധ്യമാകും.

# പോളിടെക്നിക് ഡിപ്ലോമ: സ്പോട്ട് അഡ്മിഷൻ

2025-26 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ്/IHRD/CAPE/LBS/സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ സ്പോട്ട് അഡ്മിഷൻ ജൂലൈ 11 മുതൽ 15 വരെ അതാതു സ്ഥാപനങ്ങളിൽ നടക്കും. അപേക്ഷകർ www.polyadmission.org/let ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിലെ സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലേയും ഏത് ബ്രാഞ്ചുകളിലേക്കും പുതിയ ഓപ്ഷനുകൾ നൽകാം.

ഒഴിവുകൾ നികത്തുന്നതിനായി നിലവിലെ റാങ്ക് ലിസ്റ്റിലെ അപേക്ഷകരുടെ അഭാവത്തിൽ നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും പുതുതായി അപേക്ഷ സമർപ്പിക്കാം. പുതുതായി അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ www.polyadmission.org/let അഡ്മിഷൻ പോർട്ടലിലെ ഹോം പേജിൽ ലഭ്യമായിട്ടുള്ള One Time Registration ലിങ്ക് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈനായി ഫീസ് അടച്ചതിനു ശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് Candidate login link വഴി അപേക്ഷ സമർപ്പിക്കാം. സ്പോട്ട് അഡ്മിഷനു വേണ്ടി പുതുതായി പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് One Time Registration നും അപേക്ഷ സമർപ്പണത്തിനും ജൂലൈ 10 വരെ അവസരം ഉണ്ടായിരിക്കും. One Time Registration ഫീസായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ 200 രൂപയും മറ്റു വിഭാഗങ്ങൾ 400 രൂപയും ഓൺലൈനായി അടയ്ക്കണം.നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ കൂടി ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കും.നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org/let വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാക്കാം.നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ അത് പരിശോധിച്ച് ഒഴിവുകൾ ലഭ്യമായ പോളിടെക്നിക് കോളേജിൽ ഹാജരാകുവാൻ ശ്രദ്ധിക്കണം.

# പുതിയ മാറ്റങ്ങളോടെ റേഡിയോശ്രീ ഇന്നുമുതൽ ശ്രോതാക്കളിലേക്ക്

തിരുവനന്തപുരം: ശാക്തീകരണത്തിന്റെ പുതിയ ശബ്ദമായി കുടുംബശ്രീയുടെ ഓൺലൈൻ റേഡിയോ 'റേഡിയോശ്രീ' ഇന്നു(17 2025) മുതൽ ശ്രോതാക്കളിലേക്ക്. മലയാളം മിഷന്റെ സാങ്കേതിക സഹകരണത്തോടെ ഇന്ന്(ജൂലൈ ഒന്ന്) രാവിലെ ഏഴു മണി മുതൽ പുതിയ പ്രക്ഷേപണം ആരംഭിക്കും.

കുടുംബശ്രീയെ സംബന്ധിച്ച് അറിയുന്നതിനും പഠിക്കുന്നതിനും ഏറ്റവും ഫലപ്രദമായ ബോധന മാർഗമായി റേഡിയോശ്രീയെ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. വിനോദവും വിജ്ഞാനവും ഒരു പോലെ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രോഗ്രാമുകളായിരിക്കും ഉണ്ടാവുക. കുടുംബശ്രീ മുഖേന സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലും നടപ്പാക്കി വരുന്ന സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും അറിവുകളും അയൽക്കൂട്ട കുടുംബങ്ങൾ ഉൾപ്പെടെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും എത്തിച്ചു കൊണ്ട് ആഗോളതലത്തിലുള്ള വിജ്ഞാന വ്യാപനമാണ് കുടുംബശ്രീ ഇതിലൂടെ ലക്ഷ്യമിടുന്നത്.

രാവിലെ ഏഴുമണി മുതലാണ് പ്രക്ഷേപണം ആരംഭിക്കുക. സിന്ദൂരച്ചെപ്പ്, കൂട്ടുകാരി, റേഡിയോശ്രീമതി, നാട്ടരങ്ങ്, റേഡിയോശ്രീ സാഹിത്യോത്സവം, ഓഡിയോ ബുക്ക് എന്നിങ്ങനെ ആറ് വ്യത്യസ്തമായ പ്രോഗ്രാമുകളാണ് പ്രക്ഷേപണം ചെയ്യുന്നത്. ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ളതാണ് ഓരോ പ്രോഗ്രാമും. രാവിലെ ഏഴ് മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയാണ് ആദ്യ ഷെഡ്യൂൾ. ആറ് മണിക്കൂർ വീതമുള്ള നാല് ഷെഡ്യൂളുകളിലായി ഇരുപത്തിനാല് മണിക്കൂറും പ്രക്ഷേപണം ഉണ്ടാകും. ഇതിൽ പതിനെട്ട് മണിക്കൂർ പുന:പ്രക്ഷേപണമാണ്.

കൂടാതെ രണ്ടു മണിക്കൂർ ഇടവിട്ട് അഞ്ചു മിനിട്ട് വീതം കുടുംബശ്രീ വാർത്തകളും ഉണ്ടായിരിക്കും. നൂതനമായ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പ്രക്ഷേപണം വഴി ഏറെ ആസ്വാദ്യകരവും വിജ്ഞാനപ്രദവുമായ പരിപാടികൾ ശ്രോതാക്കൾക്കായി ഒരുക്കിയിട്ടുണ്ട്. സ്മാർട്ട് ഫോൺ ഉപയോഗിക്കുന്ന ആർക്കും ആപ് സ്റ്റോർ, പ്ളേ സ്റ്റോർ വഴിയും കൂടാതെ ആൻഡ്രോയ്ഡ് പ്ളേ സ്റ്റോർ, ഐ.ഒ.എസ് സ്റ്റോർ അക്കൗണ്ട് വഴിയും റേഡിയോ കേൾക്കാവുന്നതാണ്. www.radioshree.com എന്ന വെബ്സൈറ്റിലും റേഡിയോശ്രീ പ്രക്ഷേപണം ലഭിക്കും.

കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങൾ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ 48 ലക്ഷം കുടുംബങ്ങളിലേക്കും സമൂഹത്തിന്റെ വിവിധ മേഖലകളിലേക്കും എത്തിക്കാൻ സാധിക്കുമെന്നതാണ് ഓൺലൈൻ റേഡിയോയുടെ നേട്ടം. അയൽക്കൂട്ട വനിതകൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, വിവിധ തൊഴിലിടങ്ങൾ ഉൾപ്പെടെ സമൂഹത്തിന്റെ ഏതു മേഖലയിലും കുടുംബശ്രീയുടെ ശബ്ദ സാന്നിധ്യം ഉറപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്.

# ഗുരുവായൂർ ദേവസ്വം ക്ലർക്ക് പരീക്ഷ 13ന്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ ക്ലർക്ക് (കാറ്റഗറി നം01/2025), തസ്തികയിലേക്കുള്ള ഒ.എം.ആർ പരീക്ഷ ജൂലൈ 13 ന് ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.15 വരെ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് ജില്ലകളിലെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ നടക്കും. ഒ.എം.ആർ പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാരായ (40 ശതമാനത്തിനു മുകളിൽ) ഉദ്യോഗാർത്ഥികൾക്ക് സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ പരീക്ഷാ തീയതിയ്ക്ക് ഏഴ് ദിവസം മുൻപ് (ജൂലൈ 5) ഇ-മെയിൽ വഴിയോ (kdrbtvm@gmail.com), കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നേരിട്ട് എത്തിയോ അപേക്ഷ സമർപ്പിക്കണം.

പരീക്ഷയുടെ ഹാൾ ടിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിലെ ഡോക്ടർമാർ നൽകുന്ന "എഴുതുവാൻ ബുദ്ധിമുട്ടുണ്ട്" എന്ന് കാണിച്ച് കൊണ്ടുള്ള സർട്ടിഫിക്കറ്റ് സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്ക്രൈബിനെ അനുവദിക്കുന്നതിന് വേണ്ടി പരിഗണിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് www.kdrb.kerala.gov.in.

# എസ് എസ് സി കംബൈൻഡ് ഹയർ സെക്കൻഡറി ലെവൽ പരീക്ഷ: 3,131 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ (എസ് എസ് സി) 2025ലെ കംബൈൻഡ് ഹയർ സെക്കൻഡറി (10+2) ലെവൽ പരീക്ഷ പ്രഖ്യാപിച്ചു. ലോവർ ഡിവിഷൻ ക്ലർക്ക് (എൽഡിസി), ജൂനിയർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് (ജെഎസ്എ), ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ഡിഇഒ) തസ്തികകളിലായി 3,131 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ടയർ-1 കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ 2025 സെപ്റ്റംബർ 8 മുതൽ 18 വരെ നടക്കും.

ടയർ-2 പരീക്ഷ 2026 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടത്തും. അപേക്ഷാ ഫീസ് 100 രൂപയാണ്. വനിതകൾ, എസ്.സിഎസ്.ടി, പിഡബ്ല്യുഡി, മുൻസൈനികർ എന്നിവർക്ക് ഫീസ് അടയ്ക്കേണ്ടതില്ല. അപേക്ഷകൾ ഓൺലൈനായി ംംം.ൈരൈ.ഴീ.ശി വെബ്സൈറ്റ് വഴി ജൂലൈ 18ന് രാത്രി 11 മണിക്ക് മുമ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.ssc.gov.in, www.ssckkr.kar.nic.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കാം. ഹെൽപ്പ് ലൈൻ: 080-25502520.

# ആരോഗ്യകേരളം വെൻറിലേറ്ററിൽ;ഡോ. ഹാരിസ് പറഞ്ഞത് പ്രതിപക്ഷം ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ: പ്രതിപക്ഷ നേതാവ്

കൊച്ചി: ആരോഗ്യ കേരളം വെൻറിലേറ്ററിൽ ആണെന്നും പ്രതിപക്ഷം ആവർത്തിച്ചു പറഞ്ഞ കാര്യങ്ങളാണ് ഡോ. ഹാരിസ് തുറന്നു പറഞ്ഞതെന്നും പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ

തിരുവനന്തപുരം മെഡിക്കൽ കോളജിലെ ചികിത്സാ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യ മന്ത്രിയുടെ ഓഫീസിൽ വേറെ ആരോ ആണ് ഭരിക്കുന്നതെന്നും വാർത്ത വിവാദം ആയപ്പോഴാണ് മന്ത്രി വീണാ ജോർജ് അറിഞ്ഞതെന്നും വി. ഡി. സതീശൻ ആരോപിച്ചു. ഇത് ഒറ്റപ്പെട്ട സംഭവം അല്ല. സർജറി ചെയ്താൽ തുന്നി കൂട്ടാൻ നൂൽ ഇല്ലാത്ത അവസ്ഥയാണുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ഇല്ലാതായി. അങ്ങനെ പല പദ്ധതികളും ഇല്ലാതായെന്നും വിഡി സതീശൻ പറഞ്ഞു. 2024 ജനുവരിയിൽ ഇക്കാര്യങ്ങളെല്ലാം നിയമസഭയിൽ ഉന്നയിച്ചിരുന്നു. നിരുത്തരവാദപരമായ മറുപടിയാണ് ആരോഗ്യ മന്ത്രിയുടേത്. രോഗികളുടെ എണ്ണം ആണ് മന്ത്രി മറുപടിയായി പറയുന്നത്. യഥാർഥ ആരോഗ്യ കേരളത്തിന്റെ സിസ്റ്റം തകർന്നു പോയി. ആരോഗ്യ വകുപ്പിനാണ് ചികിത്സ വേണ്ടതെന്നും ഇവിടെ പകർച്ച വ്യാധികൾ കൂടുകയാണെന്നും സതീശൻ പറഞ്ഞു.

യുഡിഎഫിന്റെ ഹെൽത്ത് കമ്മീഷൻ നാളെ നിലവിൽ വരും. ഹെൽത്ത് കോൺക്ലേവ് ജൂലൈ മാസത്തിൽ നടത്തും. പൊതുജന ആരോഗ്യ വിദഗ്ധരെ ഉൾപ്പെടുത്തിയാണ് ഹെൽത്ത് കമ്മീഷനെന്നും സതീശൻ പറഞ്ഞു. നിയമസഭയിൽ വിഷയം ഉന്നയിച്ചപ്പോൾ പരിഹാസം ആയിരുന്നു മറുപടിയെന്നും പ്രതിപക്ഷ നേതാവ് പ്രതികരിച്ചു.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽപോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ടാലി), അലുമിനിയം ഫാബ്രിക്കേഷൻ, മൊബൈൽ ഫോൺ ടെക്നോളജി, ഗാർമെന്റ്മേക്കിംഗ്&അപ്പാരൽഡിസൈനിംഗ്, ടോട്ടൽസ്റ്റേഷൻ, ബ്യൂട്ടീഷൻ, ഇലക്ട്രിക്കൽ വയർമാൻ, പ്രോഗ്രാമിംഗ് &പ്രാക്ടീസ് ഓൺ സിഎൻസി മെഷീൻ, ഓട്ടോകാഡ് കോഴ്സുകളിലേക്കു അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 8075289889,

# ക്വട്ടേഷൻ ക്ഷണിച്ചു

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ ആവശ്യത്തിലേക്ക് 2025-26 സാമ്പത്തികവർഷത്തേക്കുള്ള ഇംഗ്ലീഷ്/മലയാളം/തമിഴ്/സംസ്കൃതംഭാഷകളിലുള്ളപുസ്തകങ്ങൾവാങ്ങുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. മുദ്ര വച്ച ക്വട്ടേഷനുകൾ ജൂലൈ 15ന് വൈകുന്നേരം 3 ന് മുമ്പായി സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, വികാസ്ഭവൻ പി.ഒ, പാളയം, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ ലഭിക്കണം.

# സ്പോട്ട് അഡ്മിഷൻ

കോളേജ് ഓഫ് എൻജിനീയറിങ് തിരുവനന്തപുരം (സി.ഇ.ടി) 2025-26 അധ്യയന വർഷത്തേക്ക് നടത്തുന്ന ബി.ടെക് (വർക്കിംഗ് പ്രൊഫഷണൽസ്) സായാഹ്ന കോഴ്സുകളിൽ (സിവിൽ എൻജിനിയറിങ്, മെക്കാനിക്കൽ എൻജിനിയറിങ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനിയറിങ്) ഏതാനും ഒഴിവുകൾ നിലവിലുണ്ട്.

പ്രവേശനം ആവശ്യമുള്ള ഡിപ്ലോമ/ ഡിഗ്രി യോഗ്യതയുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റും പകർപ്പുകളും പ്രോസ്പെക്ടസിൽപരാമർശിച്ചിട്ടുള്ള അനുബന്ധ രേഖകളുമായിജൂലൈ 4ന് രാവിലെ 9.30ന് കോളേജിൽ നടക്കുന്ന സ്പോട്ട് അഡ്മിഷന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: https://www.cet.ac.in, 0471 2998391, 9447205324, 9633633094.

# ഹേമചന്ദ്രന്റെ മൃതദേഹം കോഴിക്കോട്ടെത്തിച്ചു; ഡിഎൻഎ ഫലം വന്ന ശേഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറും

ചെന്നൈ: തമിഴ്നാട് ചേരമ്പാടിയിൽ കൊന്ന് കുഴിച്ചിട്ട ഹേമചന്ദ്രന്റെ മൃതദേഹം കോഴിക്കോട് എത്തിച്ചു. ഡിഎൻഎ ഫലം വന്ന ശേഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറും. ബത്തേരിയിലെ സുഹൃത്തിന്റെ ആളില്ലാത്ത വീട്ടിൽ വച്ചാണ് മുഖ്യപ്രതിയായ നൗഷാദും സംഘവും ഹേമ ചന്ദ്രനെ കൊലപ്പെടുത്തിയത്. കോഴിക്കോട്ട് നിന്നും തട്ടിക്കൊണ്ടുപോയ ഹേമചന്ദ്രനെ എത്തിച്ചത് ബത്തേരിയിലെ ഈ ഈ വീട്ടിലാണ്. പണം തിരികെ കിട്ടാൻ മർദിച്ചുവെന്ന് കേസിൽ അറസ്റ്റിലായ ജ്യോതിഷ് കുമാറും നൗഷാദും പോലീസിന് മൊഴി നൽകി. മർദിച്ചപ്പോഴാണ് ഹേമചന്ദ്രൻ കൊല്ലപ്പെട്ടത്. മുഖ്യപ്രതി നൗഷാദിനെ വിദേശത്ത് നിന്നും നാട്ടിൽ എത്തിക്കാൻ പോലീസ് ശ്രമം തുടങ്ങിയിട്ടുണ്ട്.

# മസ്റ്ററിംഗ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾആഗസ്റ്റ് 24 നകം അക്ഷയ കേന്ദ്രങ്ങൾ വഴി വാർഷിക മസ്റ്ററിംഗ് നടത്തണം. മസ്റ്ററിംഗ് പരാജയപ്പെടുന്നവർ എത്രയും പെട്ടെന്ന് ലൈഫ് സർട്ടിഫിക്കറ്റ്അതാത് ജില്ല എക്സിക്യൂട്ടീവ് ഓഫീസിൽ ഹാജരാക്കണം. മസ്റ്ററിംഗ് നടത്താതിരുന്നാൽ പിന്നീട് പെൻഷൻ തടസ്സപ്പെടുന്നതാണ്.

# ജി.എസ്.ടി കോഴ്സ്: ജൂലൈ 7 വരെ അപേക്ഷിക്കാം

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഏകഎഠ) തൊഴിലധിഷ്ഠിത പോസ്റ്റ് ഗ്രാജേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 7 വരെ നീട്ടി. അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഒരു വർഷത്തെ കോഴ്സിൽ 180 മണിക്കൂർ പരിശീലനമാണ് (ക്ലാസ്റൂം ഓൺലൈൻ/ ഓഫ് ലൈൻ/ ഹൈബ്രിഡ്) ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർഥികൾ, സർക്കാർ - അർദ്ധസർക്കാർ, പൊതുമേഖലാ ജീവനക്കാർ, പ്രവാസികൾ, റിട്ടയർ ചെയ്തവർ, മുതിർന്ന പൗരന്മാർ എന്നിവർ ഉൾപ്പെട്ട 14 വിഭാഗങ്ങൾക്ക് ഫീസിളവ് ലഭിക്കും. കോഴ്സിന്റെ സിലബസ്, ഫീസ് തുടങ്ങിയ വിവരങ്ങൾ ംംം.ഴശളേ.ൃലെ.ശിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2596970, 9446466224, 9446176506, 9995446032

# ജൂൺ മാസത്തെ റേഷൻ വിതരണം ജൂലൈ 2 വരെ: മന്ത്രി

സംസ്ഥാനത്തെ ജൂൺ മാസത്തെ റേഷൻ വിതരണം ജൂലൈ 2 വരെ നീട്ടിയതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ അറിയിച്ചു. ജൂലൈ 3 ന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും.

നാല് മുതൽ ജൂലൈ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. സംസ്ഥാനത്ത് 30 വരെ 75 ശതമാനം കാർഡ് ഉടമകൾ റേഷൻ കൈപ്പറ്റിയിട്ടുണ്ട്. ജൂൺ മാസത്തെ റേഷൻ വിഹിതം കൈപ്പറ്റാനുള്ള എല്ലാ കാർഡ് ഉടമകളും തങ്ങളുടെ വിഹിതം ജൂലൈ 2 നകം കൈപ്പറ്റണമെന്ന് മന്ത്രി അറിയിച്ചു.



നൂതന ഓട്ടോമേഷൻ സാങ്കേതികവിദ്യയിലുള്ള മലിനജല സംസ്കരണ പ്ലാൻറ് ടെക്നോപാർക്ക് ഫേസ്-3 കാമ്പസിൽ ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) ഉദ്ഘാടനം ചെയ്യുന്നു.

# 'മഹുവയാണ് യഥാർഥ സ്ത്രീവിരുദ്ധ'; ആഞ്ഞടിച്ച് കല്യാൺ ബാനർജി

കോൽക്കത്ത: തൃണമൂൽ കോൺഗ്രസ് എംപിയായ മഹുവ മൊയ്ത്രയ്ക്കെതിരെ ആഞ്ഞടിച്ച് മുതിർന്ന തൃണമൂൽ നേതാവും എംപിയുമായ കല്യാൺ ബാനർജി.

കോൽക്കത്ത ബലാത്സംഗക്കേസുമായി ബന്ധപ്പെട്ട് താൻ നടത്തിയ വിവാദപരാമർശത്തിൽ വിമർശനവുമായി മഹുവ രംഗത്തെത്തിയതിന് പിന്നാലെയാണ് കല്യാൺ ബാനർജിയും ആഞ്ഞടിച്ച് രംഗത്തുവന്നത്. ഒരു കുടുംബം തകർത്ത ശേഷമാണ് മഹുവ വിവാഹം കഴിച്ചതെന്നും അവരാണ് യഥാർഥ സ്ത്രീവിരുദ്ധ എന്നുമാണ് കല്യാൺ ബാനർജി പറഞ്ഞത്.

'മഹുവ ഹണിമൂൺ കഴിഞ്ഞ് ഇന്ത്യയിലേക്ക് വന്നതിന് ശേഷം എന്നോട് തർക്കിക്കാൻ വരികയാണ്. എന്നെ സ്ത്രീവിരുദ്ധൻ എന്ന് ആരോപിക്കുകയാണ്. അപ്പോൾ അവർ ആരാണ് . നാല്പത് വർഷത്തെ ഒരു വിവാഹജീവിതം തകർത്ത ശേഷമാണ് മഹുവ ഒരു 65കാരനെ വിവാഹം കഴിച്ചിരിക്കുന്നത്. അവർ ഒരു സ്ത്രീയെ വേദനിപ്പിച്ചില്ലേ ' എന്നാണ് കല്യാൺ ബാനർജി ചോദിച്ചത്.

പാർലമെൻറിൽ നിന്ന് പുറത്താക്കപ്പെട്ട ഒരു എംപി എത്തിക്സിനെപ്പറ്റി തന്നെ പഠിപ്പിക്കാൻ വരികയാണെന്നും അവരാണ് യഥാർത്ഥ സ്ത്രീവിരുദ്ധയെന്നും കല്യാൺ ബാനർജി വിമർശിച്ചു.

കോൽക്കത്ത ബലാത്സംഗക്കേസിന്റെ പശ്ചാത്തലത്തിൽ കല്യാൺ ബാനർജി നടത്തിയ ഒരു പ്രതികരണമാണ് വലിയ വിവാദമായത്.

ഒരു സുഹൃത്ത് മറ്റൊരു സുഹൃത്തിനെ ബലാത്സംഗം ചെയ്താൽ എന്ത് ചെയ്യാൻ കഴിയും എന്നായിരുന്നു കല്യാൺ ബാനർജിയുടെ പരാമർശം. ഇതിനെതിരെ മഹുവ പരോക്ഷ വിമർശനവുമായി രംഗത്തുവന്നിരുന്നു.

'ഇന്ത്യയിലെ സ്ത്രീവിരുദ്ധതയ്ക്ക് രാഷ്ട്രീയപാർട്ടി ഭേദമില്ല. എന്നാൽ തൃണമൂൽ വ്യത്യസ്തരാകുന്നത്, ആര് ഇത്തരത്തിൽ പരാമർശങ്ങൾ നടത്തിയാലും ഞങ്ങൾ അതിനെ തള്ളിപ്പറയും എന്നതാണ്' എന്നായിരുന്നു മഹുവയുടെ പോസ്റ്റ്.

തൃണമൂൽ എംഎൽഎ മദൻ മിത്രയും ഇത്തരത്തിൽ ഒരു വിവാദ പരാമർശം നടത്തിയിരുന്നു. ഇരുവരുടെയും പരാമർശങ്ങളെ ഔദ്യോഗികമായി തള്ളിപ്പറഞ്ഞ് തൃണമൂൽ കോൺഗ്രസ് രംഗത്തുവന്നിരുന്നു.

പരാമർശങ്ങൾ നടത്തിയത് സ്വന്തം നിലയിലാണെന്നും പാർട്ടിക്ക് ഇതുമായി യാതൊരു ബന്ധവുമില്ലെന്നും അപലപിക്കുകയാണെന്നുമായിരുന്നു പാർട്ടി പറഞ്ഞത്. ഒരുതരത്തിലും ഇത് പാർട്ടിയുടെ അഭിപ്രായമല്ലെന്നും എക്സ് പോസ്റ്റിൽ വ്യക്തമാക്കിയിരുന്നു.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ ഒരു വിട്ടുവീഴ്ചയും ഇല്ലെന്നും ഏറ്റവും ശക്തമായ ശിക്ഷ തന്നെ പ്രതികൾക്ക് കേസുകളിൽ ലഭിക്കണമെന്നും തൃണമൂൽ കോൺഗ്രസിന്റെ ഔദ്യോഗിക ട്വീറ്റിൽ വ്യക്തമാക്കിയിരുന്നു.

# ടെക്നോപാർക്കിൽ ഓട്ടോമേറ്റഡ് മലിനജല സംസ്കരണ പ്ലാൻറ് സ്ഥാപിച്ചു

## സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) കമ്മീഷൻ ചെയ്തു

തിരുവനന്തപുരം: പരിസ്ഥിതിസൗഹൃദ രീതികളോടുള്ള പ്രതിബദ്ധതയ്ക്ക് അനുസൃതമായി നൂതന ഓട്ടോമേഷൻ സാങ്കേതികവിദ്യയിലുള്ള പുതിയ മലിനജല സംസ്കരണ പ്ലാൻറ് (എസ്ടിപി) ടെക്നോപാർക്കിൽ സ്ഥാപിച്ചു. സ്മാർട്ട് 750 കെഎൽഡി മെംബ്രൻ ബയോ-റിയാക്ടർ (എംബിആർ) അധിഷ്ഠിത എസ്ടിപി ഫേസ്-3 കാമ്പസിൽ ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) കമ്മീഷൻ ചെയ്തു.

പരിസ്ഥിതി സൗഹൃദവും സുസ്ഥിര വികസന ലക്ഷ്യങ്ങളോടു ചേർന്നു നിൽക്കുന്നതുമായ ടെക്നോപാർക്കിൻറെ പ്രതിബദ്ധത ഈ സംരംഭം ശക്തിപ്പെടുത്തുന്നുവെന്ന് കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു. സ്മാർട്ട് യൂട്ടിലിറ്റി ഇൻഫ്രാസ്ട്രക്ചറും സുസ്ഥിര പരിസ്ഥിതി സംവിധാനവും ഉപയോഗപ്പെടുത്തി അണുവിമുക്തമാക്കൽ ഘട്ടങ്ങളിലൂടെ മലിനജലം പൂർണമായി ശുദ്ധീകരിക്കാൻ ഈ സംവിധാനത്തിലൂടെ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പുതുതായി സ്ഥാപിച്ച എസ്ടിപിക്ക് പ്രതിദിനം 7.50 ലക്ഷം ലിറ്റർ മലിനജലം സംസ്കരിക്കാൻ കഴിയും. സംസ്കരിച്ച ജലം വിപുലമായ പുനരുപയോഗ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താനാകുമാകും. സുസ്ഥിരത, ഡിജിറ്റൽ പരിവർത്തനം, ജല ഉപയോഗത്തിൻറെ കാര്യക്ഷമത എന്നിവയിലെ ടെക്നോപാർക്കിൻറെ വിശാലമായ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ പ്ലാൻറ്.ജൈവ സംസ്കരണവും നൂതന മെംബ്രൻ ഫിൽട്രേഷനും സംയോജിപ്പിക്കുന്ന എംബിആർ സംവിധാനങ്ങളാണ് എസ്ടിപി ഉപയോഗിക്കുന്നത്. പുനരുപയോഗത്തിന് അനുയോജ്യമായ ഉയർന്ന ഗുണനിലവാരമുള്ള ജലമാണ് ഈ സാങ്കേതികവിദ്യയിലൂടെ ഉത്പാദിപ്പിക്കുന്നത്. പരമ്പരാഗത പ്ലാൻറുകളേക്കാൾ മികച്ച പ്രവർത്തന നിയന്ത്രണവും സ്ഥിരതയും ഇത് ഉറപ്പാക്കുന്നു. കാര്യക്ഷമവും വിശ്വസനീയവുമായ പ്രവർത്തനങ്ങൾക്കായി ഓൺലൈൻ നിരീക്ഷണവും ഫീഡ്ബാക്ക് അധിഷ്ഠിത നിയന്ത്രണവും സംയോജിപ്പിക്കുന്ന പിഎൽസിസ്കാഡ പ്ലാറ്റ് ഫോം ഉപയോഗിച്ച് പൂർണ്ണമായും ഓട്ടോമേറ്റഡ് ആണിത്. അൾട്രാസോണിക് ലെവൽ സെൻസറുകൾ ടാങ്ക് പ്രവർത്തനങ്ങളും കെമിക്കൽ ഡോസിംഗ് സീക്വൻസുകളും കൈകാര്യം ചെയ്യുന്നു.

പുതിയ എസ്ടിപി പാർക്കിൻറെ അടിസ്ഥാന സൗകര്യങ്ങളിലെ ഗണ്യമായ നവീകരണത്തെ പ്രതിനിധീകരിക്കുന്നുവെന്ന് ടെക്നോപാർക്ക് പ്രോജക്ട്സ് ജനറൽ മാനേജർ മാധവൻ പ്രവീൺ പറഞ്ഞു. കാര്യക്ഷമവും സുസ്ഥിരവുമായ മലിനജല മാനേജ്മെൻറ് ഉറപ്പാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനാകും. എസ്ടിപിയിലെ ഐഒടിയുടെയും ഓട്ടോമേഷൻറെയും സംയോജനം മലിനജല സംസ്കരണം കാര്യക്ഷമവും വിശ്വസനീയവുമാണെന്ന് ഉറപ്പാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# അടിയന്തരാവസ്ഥ ഏർപ്പെടുത്തിയവർ ഭരണഘടനയെ അട്ടിമറിച്ചു: മൻ കി ബാത്തിൽ പ്രധാനമന്ത്രി

ന്യൂഡൽഹി: രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയവർ ഭരണഘടനയെ അട്ടിമറിക്കുക മാത്രമല്ല, ജുഡീഷൽ സംവിധാനത്തെയും നോക്കുകുത്തിയാക്കിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എന്നാൽ ജനങ്ങൾ ജനാധിപത്യത്തെ പിന്നോട്ട് പോകാൻ അനുവദിച്ചില്ല, അവസാനം ജനങ്ങൾ തന്നെയാണ് ജയിച്ചതെന്നും അദ്ദേഹം പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ പറഞ്ഞു. 'അടിയന്തരാവസ്ഥ ഏർപ്പെടുത്തിയവർ നമ്മുടെ ഭരണഘടനയെ കൊലപ്പെടുത്തുക മാത്രമല്ല, നീതിന്യായ വ്യവസ്ഥയെ കീഴ്പ്പെടുത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഈ സമയത്ത്, ആളുകൾ വലിയ തോതിൽ പീഡിപ്പിക്കപ്പെട്ടു. മറക്കാൻ കഴിയാത്ത അത്തരം നിരവധി ഉദാഹരണങ്ങളുണ്ട്. '- അദ്ദേഹം പറഞ്ഞു. അടിയന്തരാവസ്ഥയുടെ അമ്പതാം വാർഷികമായ ജൂൺ 25 സർക്കാർ 'സംവിധാൻ ഹത്യ ദിവസ്' ആയി ആചരിച്ചതിന് തൊട്ടുപിന്നാലെയാണ് മോദിയുടെ പരാമർശം. അടിയന്തരാവസ്ഥയ്ക്കെതിരേ ധൈര്യത്തോടെ പോരാടിയ എല്ലാവരെയും രാജ്യം എപ്പോഴും ഓർക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുൻ പ്രധാനമന്ത്രിമാരായ മൊറാർജി ദേശായി, അടൽ ബിഹാരി വാജ്പേയ്, മുൻ ഉപപ്രധാനമന്ത്രി ജഗ്ജിവൻ റാം എന്നിവരുടെ സംഭാഷണവും അദ്ദേഹം കേൾപ്പിച്ചു. 'ആ കാലയളവിൽ അറസ്റ്റിലായ ആയിരക്കണക്കിന് ആളുകൾ ഇത്തരം മനുഷ്യത്വരഹിതമായ അതിക്രമങ്ങൾക്ക് വിധേയരായി. പക്ഷേ അത് ഇന്ത്യയിലെ ജനങ്ങളുടെ ശക്തിയാണ്. . . അവർ വഴങ്ങിയില്ല, തകർന്നില്ല, ജനാധിപത്യവുമായി ഒരു വിട്ടുവീഴ്ചയും സ്വീകരിച്ചില്ല. ഒടുവിൽ, ജനങ്ങൾ വിജയിച്ചു: അടിയന്തരാവസ്ഥ പിൻവലിച്ചു,

അടിയന്തരാവസ്ഥ ഏർപ്പെടുത്തിയവർ പരാജയപ്പെട്ടു. '- പ്രധാനമന്ത്രി പറഞ്ഞു. കൂടാതെ, അന്താരാഷ്ട്ര യോഗദിനം, കൈലാസ് മാനസരോവര യാത്ര, പുരി രഥയാത്ര തുടങ്ങിയവയും പ്രധാനമന്ത്രി തന്റെ പ്രഭാഷണത്തിൽ പരാമർശിച്ചു.

# 'അവർ ദൈവത്തിന്റെ ശത്രുക്കൾ': ട്രംപിനും നെതന്യാഹുവിനുമെതിരേ ഫത്വ പുറപ്പെടുവിച്ച് ഇറാൻ

ടെഹ്റാൻ: യുഎസ് പ്രസിഡൻറ് ഡൊണൾഡ് ട്രംപിനും ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനുമെതിരേ 'ഫത്വ' പുറപ്പെടുവിച്ച് ഇറാൻ.

'ദൈവത്തിന്റെ ശത്രുക്കൾ' എന്നു മുദ്രകുത്തി ഇറാനിലെ ഉന്നത ഷിയ പുരോഹിതൻ ആയത്തുള്ള നാസർ മകരേം ഷിരാസി ആണ് 'ഫത്വ' പുറപ്പെടുവിച്ചത്. ഇസ്ലാമിക നേതൃത്വത്തെ ഭീഷണിപ്പെടുത്തിയ അമേരിക്കൻ, ഇസ്രയേൽ നേതാക്കളെ സ്ഥാനഭ്രഷ്ടരാക്കാൻ ലോകമെമ്പാടുമുള്ള മുസ്ലിംകളോട് ഷിരാസി ആഹ്വാനം ചെയ്തു.

ഇസ്ലാമികരാജ്യത്തെയോ, നേതാവിനെയോ ഭീഷണിപ്പെടുത്തുന്ന ഏതൊരു വ്യക്തിയെയും ഭരണകൂടത്തെയും 'യുദ്ധപ്രഭു' അല്ലെങ്കിൽ 'മൊഹറേബ്' ആയി കണക്കാക്കുന്നുവെന്നും ഷിരാസി പറഞ്ഞു.

'മൊഹറബ്' എന്നാൽ ദൈവത്തിനെതിരെ യുദ്ധം ചെയ്യുന്ന ആളാണെന്നും ഇറാനിയൻ നിയമപ്രകാരം 'മൊഹറബ്' എന്ന കുറ്റം ചുമത്തുന്നവർക്ക് വധശിക്ഷ, കുരിശിലേറ്റൽ, അവയവങ്ങൾ മുറിച്ചുമാറ്റൽ അല്ലെങ്കിൽ നാടുകടത്തൽ എന്നിവ നേരിടേണ്ടിവരുമെന്നും ഫോക്സ് ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു. അത്തരം ശത്രുക്കൾക്കായി മുസ്ലിംകളോ, ഇസ്ലാമിക രാഷ്ട്രങ്ങളോ നടത്തുന്ന ഏതു തരത്തിലുള്ള സഹകരണവും പിന്തുണയും ഹറാമോ നിഷിദ്ധമോ ആണ്.

തന്റെ മതകടമ നിറവേറ്റുന്ന മുസ്ലിമിന് നഷ്ടങ്ങൾ നേരിടേണ്ടിവന്നാൽ, പോരാളിയായി പ്രതിഫലം ലഭിക്കുമെന്നും ഫത്വയിൽ ഷിരാസി പറയുന്നു.

# വിവാഹത്തിനായി അമേരിക്കയിലെത്തിയ ഇന്ത്യക്കാരിയെ കാണാതായതായി റിപ്പോർട്ട്

വാഷിംഗ്ടൺ ഡിസി: വിവാഹത്തിനായി അമേരിക്കയിൽ എത്തിയ 24 കാരിയായ ഇന്ത്യൻ യുവതിയെ കാണാതായതായി റിപ്പോർട്ട്. ജൂൺ 20 ന് ഇന്ത്യയിൽ നിന്ന് ന്യൂജേഴ്സിയിൽ എത്തിയ സിമ്രാൻ എന്ന യുവതിയെയാണ് കാണാതായത്. ലിൻഡൻവോൾഡ് പോലീസ് നടത്തിയ അന്വേഷണത്തിൽസിമ്രാൻ ഫോൺ പരിശോധിക്കുന്നതും ആരെയോ കാത്തിരിക്കുന്നതിന്റെയും ദൃശ്യങ്ങൾ കണ്ടെത്തി. യുവതിയുടെ മുഖ ഭാവത്തിൽ എന്തെങ്കിലും അസ്വഭാവിക തോന്നുന്നില്ലെന്നും പോലീസ് അറിയിച്ചു.

സിമ്രാനെ ബുധനാഴ്ച മുതലാണ് കാണാതായത്. വീട്ടുകാർ നിശ്ചയിച്ച വിവാഹത്തിനായാണ് ഇവർ അമേരിക്കയിലേക്ക് പോയതെന്നാണ് റിപ്പോർട്ട്.അതേസമയം, അമേരിക്കയിൽ പ്രവേശിക്കാനായി സിമ്രാൻ വിവാഹമെന്ന കാരണം സൃഷ്ടിച്ചതാകാമെന്ന സാധ്യതയും പോലീസ് അന്വേഷിക്കുന്നുണ്ട്.

സിമ്രാന്റെ ബന്ധുക്കളാരും അമേരിക്കയിൽ ഇല്ലെന്നും ഇംഗ്ലീഷ് സംസാരിക്കാൻ അവർക്കറിയില്ലെന്നും പോലീസ് കണ്ടെത്തി. അഞ്ചടി നാല് ഇഞ്ച് ഉയരമുള്ള സിമ്രാന് ഏകദേശം 68 കിലോഗ്രാം ഭാരവുമുണ്ട്. നെറ്റിയുടെ ഇടതുവശത്ത് ഒരു ചെറിയ പാടുമുണ്ട്. കാണാതായ സമയം ചാരനിറത്തിലുള്ള സ്വെറ്റ് പാൻറ്സും വെളുത്ത ടീ-ഷർട്ടും കറുത്ത ഫ്ലിപ്പ്-ഫ്ലോപ്പുകളും വജ്രം പതിച്ച ചെറിയ കമ്മലുകളും ഇവർ ധരിച്ചത്.

സിമ്രാനെക്കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ ലിൻഡൻവോൾഡ് പോലീസ് ഡിറ്റക്ടീവ് ജോ ടോമസെറ്റിയെ ബന്ധപ്പെടാൻ അഭ്യർഥിച്ചിട്ടുണ്ട്.

# ചോക്ലേറ്റ് വാങ്ങാൻ പണം ചോദിച്ചു; നാല് വയസുകാരിയെ ശ്വാസം മുട്ടിച്ച് കൊന്ന് പിതാവ്

മുംബൈ: മഹാരാഷ്ട്രയിലെ ലാത്തൂർ ജില്ലയിൽ ചോക്ലേറ്റ് വാങ്ങാൻ പണം ആവശ്യപ്പെട്ടതിനെ തുടർന്ന് നാല് വയസുള്ള മകളെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തി പിതാവ്. ബാലാജി റാത്തോഡ് എന്നയാളാണ് മകളെ ക്രൂരമായി കൊലപ്പെടുത്തിയത്. സംഭവത്തെത്തുടർന്ന് കൊലപാതകക്കുറ്റം ചുമത്തി പ്രതിയെ അറസ്റ്റ് ചെയ്തു. ഇയാൾ മദ്യത്തിന് അടിമയാണെന്നാണ് പോലീസ് പറയുന്നത്. ലാത്തൂർ ജില്ലയിലെ ഉദ്ഗിർ താലൂക്കിലെ ഭീമ തണ്ട സ്വദേശിയാണിയാൾ.'ബാലാജി റാത്തോഡ് മദ്യത്തിന് അടിമയായിരുന്നു. കുടുംബത്തിൽ വഴക്കുകൾ പതിവായിരുന്നു. ഭാര്യ അയാളെ ഉപേക്ഷിച്ച് പോയിരുന്നു. ഉച്ചകഴിഞ്ഞ് മകൾ ആരുഷി ചോക്ലേറ്റ് വാങ്ങാൻ പണം ചോദിച്ചു. കോപാകുലനായി അയാൾ സാരി ഉപയോഗിച്ച് കുട്ടിയെ കഴുത്തു ഞെരിച്ച് കൊന്നു, ' ഉദ്യോഗസ്ഥർ പറഞ്ഞു. ബാലാജിക്ക് വധശിക്ഷ നൽകണമെന്ന് ഭാര്യ വർഷ ആവശ്യപ്പെട്ടു. ഭാര്യ നൽകിയ പരാതിയിലാണ് പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്ത് ഇയാളെ അറസ്റ്റ് ചെയ്തത്.

# കാമുകിയുമായി വഴക്കിട്ട യുവതിയെ ക്രൂരമായി മർദിച്ച് യുവാവ്

ഗാസിയാബാദ്: ഉത്തർപ്രദേശിലെ ഗാസിയാബാദിൽ പെൺകുട്ടിയുമായി വഴക്കിട്ട യുവതിയെ വടികൊണ്ട് മർദിച്ച് കാമുകൻ. ഗാസിയാബാദിലെ ഒരു മാളിന് പുറത്താണ് സംഭവം.

ഹർഷ് എന്നയാളാണ് മരവടി കൊണ്ട് യുവതിയെ അടിച്ചത്. സംഭവത്തിന്റെ വീഡിയോ പുറത്തുവന്നിട്ടുണ്ട്. ആദ്യ അടിയിൽ തന്നെ വടി പകുതിയായി ഒടിഞ്ഞുപോയി. എന്നാൽ ഇയാൾ മർദനം തുടർന്നു.

സംഭവത്തിൽ നൈന വർമ എന്ന യുവതി പരാതി നൽകി. തന്റെ രണ്ട് സുഹൃത്തുക്കളായ റിയ, കാശിഷ് എന്നിവരോടൊപ്പം ഗാസിയാബാദിലെ ആർഡിസി ഏരിയയിലെ ഗൗർ സെൻറർ മാളിൽ താൻ പോയിരുന്നുവെന്നും ഇവിടെ വച്ച് പ്രിയ എന്ന പെൺകുട്ടിയുമായി താൻ വഴക്കുണ്ടായെന്നും പരാതിയിൽ പറയുന്നു. ഇതേസമയം, പ്രിയയുടെ കാമുകൻ ഹർഷ് തന്നെ അധിക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്തതായും പരാതിയിൽ പറയുന്നു. ആക്രമണത്തിൽ നൈന വർമയുടെ തലയ്ക്ക് പരിക്കേറ്റിരുന്നു. തന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായും അവർ ആരോപിച്ചു.

പ്രതിക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും അന്വേഷണം നടന്നുവരികയാണെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

# പ്രോജക്ട് ഫെലോ

കേരള വന ഗവേഷണ സ്ഥാപനത്തിൽ മൂന്ന് വർഷം കാലാവധിയുള്ള ഒരു സമയ ബന്ധിത ഗവേഷണ പദ്ധതിയിൽ ഒരു പ്രോജക്ട് ഫെലോയുടെ താത്ക്കാലിക ഒഴിവിലേക്ക് ജൂലൈ 9 രാവിലെ 10 മണിക്ക്തൃശൂർ പീച്ചിയിലെ ഓഫീസിൽ ഇന്റർവ്യൂ നടക്കും. വിശദ വിവരങ്ങൾക്ക്:www.kfri.res.in.

# മാറ്റങ്ങളുമായി റെയിൽവേ; ട്രെയിൻ റിസർവേഷൻ ചാർട്ട് എട്ടു മണിക്കൂർ മുമ്പ്

ന്യൂഡൽഹി: ട്രെയിനുകളിലെ റിസർവേഷൻ ചാർട്ട് എട്ടു മണിക്കൂർ മുമ്പ് പ്രസിദ്ധീകരിക്കാൻ റെയിൽവേ തീരുമാനിച്ചു. നിലവിൽ നാലുമണിക്കൂർ മുൻപാണ് ചാർട്ട് തയാറാക്കിയിരുന്നത്.

അവസാനനിമിഷം ചാർട്ട് തയാറാക്കുന്നതുകാരണം വെയിറ്റിംഗ് ലിസ്റ്റ് ടിക്കറ്റുകാർ നേരിടുന്ന അനിശ്ചിതത്വം ഒഴിവാക്കുന്നതിനാണ് പുതിയ തീരുമാനം. ഇതനുസരിച്ച് ഉച്ചയ്ക്ക് രണ്ടിനു മുൻപ് പുറപ്പെടുന്ന ട്രെയിനുകളുടെ ചാർട്ട് തലേദിവസം രാത്രി ഒമ്പതിന് തയാറാക്കും.

ഉച്ചയ്ക്ക് രണ്ടിനുശേഷം പുറപ്പെടുന്ന വണ്ടികളുടേത് അന്ന് പകൽ പ്രസിദ്ധീകരിക്കും. വൈകാതെ ഇത് നടപ്പാകുമെന്ന് റെയിൽവേ വൃത്തങ്ങൾ അറിയിച്ചു.

ഡിസംബർ മുതൽ മിനിറ്റിൽ ഒന്നര ലക്ഷത്തിലധികം ടിക്കറ്റുകൾ ഒന്നിച്ച് ബുക്കു ചെയ്യാൻ കഴിയും വിധം സംവിധാനങ്ങൾ പരിഷ്കരിക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

# അഹമ്മദാബാദ് വിമാനദുരന്തം: അട്ടിമറി സാധ്യതയടക്കം പരിശോധിക്കുന്നതായി കേന്ദ്രം

ന്യൂഡൽഹി: അഹമ്മദാബാദ് വിമാന ദുരന്തം സംബന്ധിച്ച് അട്ടിമറി സാധ്യതയും അന്വേഷിക്കുന്നുണ്ടെന്ന് സിവിൽ വ്യോമയാന സഹമന്ത്രി മുരളീധർ മഹോൽ. അപകടം സംബന്ധിച്ച് എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി)യുടെ അന്വേഷണം നടക്കുന്ന പശ്ചാത്തലത്തിലാണ് മന്ത്രിയുടെ പ്രസ്താവന. അപകടം സംബന്ധിച്ച് എഎഐബി വിശദമായ അന്വേഷണം നടത്തിവരികയാണ്. എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുന്നുണ്ട്. നിരവധി ഏജൻസികൾ അന്വേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

വിമാനം അപകടത്തിൽപ്പെടുന്നതിലേക്ക് നയിച്ച സംഭവങ്ങൾ ക്രമാനുഗതമായി അവലോകനം നടത്തിവരികയാണ്. എൻജിനുകൾക്ക് പെട്ടെന്നുണ്ടായ തകരാർ, സിസ്റ്റം തകരാർ തുടങ്ങിയ സാധ്യതകളും മാനുഷികമായ വീഴ്ചകളും പരിശോധിക്കുന്നുണ്ട്.

വിമാനത്തിന്റെ ബ്ലാക് ബോക്സിൽനിന്നുള്ള വിവരങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ കൃത്യമായ ഒരു വിവരം ലഭിക്കുമെന്നാണ് അന്വേഷണസംഘം കരുതുന്നതെന്നും മുരളീധർ മഹോൽ പറഞ്ഞു.

ജൂൺ 12-ന് ആണ് 275 പേരുടെ മരണത്തിനിടയാക്കിയ വിമാന ദുരന്തമുണ്ടായത്. മരിച്ചവരിൽ 241 പേർ വിമാനത്തിനകത്തുണ്ടായിരുന്നവരും 34 പേർ വിമാനം ഇടിച്ചിറങ്ങിയ കെട്ടിടത്തിലും പരിസരത്തും ഉണ്ടായിരുന്നവരും ആണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ജെഎസ്കെ സിനിമ വിവാദം: ഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും

കൊച്ചി: സുരേഷ് ഗോപി നായകനായ ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പ്രദർശനാനുമതി നിഷേധിച്ചതിനെതിരേയുള്ള ഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും.

കഴിഞ്ഞ തവണ ഹർജി പരിഗണിക്കവെ റിവൈസിംഗ് കമ്മിറ്റി സിനിമ കണ്ടെന്നും, ജാനകി എന്ന പേര് മാറ്റണമെന്ന് നിർദേശിച്ചതായും സെൻസർ ബോർഡ് കോടതിയെ അറിയിച്ചിരുന്നു. ജാനകിയെന്ന പേര് മാറ്റണമെന്ന തീരുമാനത്തിന്റെ പകർപ്പ് കോടതി നിർദേശപ്രകാരം സെൻസർ ബോർഡ് ഇന്ന് ഹാജരാക്കും.

പ്രസ്തുത സിനിമ പതിനാറ് വയസിന് താഴെയുള്ള കുട്ടികൾക്ക് കാണുന്നതിന് വിലക്കുണ്ടെന്നും, മതവിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടെന്നുമാണ് സെൻസർ ബോർഡിന്റെ നിലപാട്. ജാനകിയെന്നത് പൊതുവായി ഉപയോഗിക്കുന്ന പേരാണെന്നും, സിനിമകൾക്ക് എന്ത് പേര് നൽകിയാലെന്തെന്നും കോടതി ചോദിച്ചിരുന്നു. സെൻസർ ബോർഡ് തീരുമാനത്തിനെതിരേ പ്രൊഡ്യൂസേഴ്സ് അസോസിയേഷനും കോടതിയെ സമീപിക്കും.

'ജാനകി' എന്ന പൊതുനാമം എങ്ങനെയാണ് മതത്തിന്റെ പേരിലേക്ക് മാറുന്നതെന്നും 'രംലക്കൻ' എന്ന പേരിൽ സിനിമയുണ്ട്, പിന്നെ എന്താണ് 'ജാനകി' എന്ന പേരിൽ കുഴപ്പമെന്നും കോടതി ചോദിച്ചിരുന്നു. സിനിമയിൽ ബലാത്സംഗത്തിനിരയായ കഥാപാത്രത്തിന്റെ പേരാണ് 'ജാനകി', അതുകൊണ്ടാണ് മാറ്റാൻ നിർദേശിച്ചതെന്നുമാണ് സെൻസർ ബോർഡിന്റെ വാദം.

'ജാനകി' എന്ന പേരിന് പകരം മറ്റേതെങ്കിലും പേര് ഉപയോഗിച്ചാൽ പ്രശ്നം ഇല്ലയോ എന്നും കോടതി ചോദിച്ചു. മലയാളത്തിൽ ഉൾപ്പെടെ മൂന്നു ഭാഷകളിലായി ഇറങ്ങുന്ന ചിത്രത്തിൽ 96 ഇടങ്ങളിൽ ആണ് ജാനകി എന്ന പേര് പരാമർശിക്കുന്നത്. ഇത് മാറ്റുക എന്നത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്ന് സിനിമയുടെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ കിരൺ രാജ് പറഞ്ഞു.

# നവജാത ശിശുക്കളുടെ കൊലപാതകം: കുഴികളിൽ നിന്ന് അസ്ഥിക്കഷണങ്ങൾ കണ്ടെടുത്തു

തൃശൂർ: പുതുക്കാട് രണ്ട് നവജാത ശിശുക്കളെ യുവതി കൊലപ്പെടുത്തി കുഴിച്ചിട്ട സംഭവത്തിൽ അസ്ഥിക്കഷണങ്ങൾ കണ്ടെടുത്തു. പ്രതി അനീഷ കാണിച്ചുകൊടുത്ത കുഴികൾ തുറന്നുള്ള പരിശോധനയിലാണ് ശരീരാവശിഷ്ടങ്ങൾ കണ്ടെത്തിയത്.

ഒരടി താഴ്ചയിലെടുത്ത കുഴിയിൽ നിന്നും ചെറിയ എല്ലിൻ കഷണങ്ങളാണ് കണ്ടെത്തിയത്. മണ്ണിന്റെ അവശിഷ്ടങ്ങളും ഫോറൻസിക് സംഘം ശേഖരിച്ചു. അസ്ഥികൾ ശാസ്ത്രീയ പരിശോധനകൾക്കായി കൊണ്ടുപോകും. ആദ്യ കുഞ്ഞിനെ കുഴിച്ചിട്ട അനീഷയുടെ വീടിന്റെ പരിസരം, രണ്ടാമത്തെ കുഞ്ഞിനെ കുഴിച്ചിട്ട രണ്ടാം പ്രതി ഭവിന്റെ വീടിന്റെ പരിസരം എന്നിവിടങ്ങളിലാണ് ഫോറൻസിക് സംഘത്തിന്റെ നേതൃത്വത്തിൽ പരിശോധിക്കുന്നത്. കൊലപാതകം നടന്ന് എട്ടു മാസങ്ങൾക്ക് ശേഷമാണ് കുഴികൾ തുറന്നത്. 2021 നവംബർ ആറിനും 2024 ഓഗസ്റ്റ് 29 നുമാണ് നവജാത ശിശുക്കളെ ശ്വാസംമുട്ടിച്ച് കൊന്നത്.

കുഞ്ഞിന്റെ മൃതദേഹം വീടിന്റെ പിൻഭാഗത്ത് മറവ് ചെയ്യാൻ കുഴിയെടുത്തിരുന്നുവെന്നും എന്നാൽ അയൽവാസി ഇത് കണ്ടതോടെ വീടിന്റെ ഇടതുഭാഗത്തെ മാവിൻ ചുവട്ടിൽ കുഴിച്ചിട്ടെന്നുമാണ് പ്രതിയായ അനീഷ നല്കിയ മൊഴി.

2021ലാണ് ആദ്യത്തെ കുഞ്ഞ് ജനിക്കുന്നത്. പ്രസവിക്കുന്നതിന് മുൻപ് തന്നെ പൊക്കിൾക്കൊടി കഴുത്തിൽ കുടുങ്ങി കുഞ്ഞ് മരിച്ചെന്നായിരുന്നു യുവതി മൊഴി നൽകിയത്. പിന്നീട് കുഞ്ഞിനെ ശ്വാസം മുട്ടിച്ചുകൊന്നതെന്ന് മൊഴി മാറ്റി.

യൂട്യൂബ് നോക്കി ശുചിമുറിയിലാണ് പ്രസവിച്ചതെന്നും ഗർഭം മറച്ചുവെക്കാൻ വയറ്റിൽ തുണികെട്ടിയെന്നും അനീഷ പോലീസിനോട് പറഞ്ഞു. ഇറുകിയ വസ്ത്രങ്ങൾ ഒഴിവാക്കുകയും ചെയ്തു.

കാമുകനും കൂട്ടുപ്രതിയുമായ ഭവിന്റെ ഫോൺ വഴക്കിനിടെ അനീഷ തല്ലിത്തകർത്തെന്നാണ് പോലീസിന് ലഭിച്ച വിവരം. ഇതിൽ ആദ്യത്തെ കുഞ്ഞിന്റെ ചിത്രവും വീഡിയോയും ഉണ്ടെന്നാണ് ഭവിന്റെ മൊഴി. ഈ ഫോൺ കണ്ടെടുത്ത് ഫോറൻസിക് ലാബിലേക്ക് അയക്കും. ഇരുവരെയും ഇന്ന് കോടതിയിൽ ഹാജരാക്കി പോലീസ് കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യും.

ജൂൺ 28ന് രാത്രിയായിരുന്നു ഭവിൻ നവജാത ശിശുക്കളുടേതെന്ന് അവകാശപ്പെട്ട് ഒരുകൂട്ടം അസ്ഥി അടങ്ങിയ ബാഗുമായി പുതുക്കാട് പോലീസ് സ്റ്റേഷനിൽ എത്തുന്നത്. തുടർന്ന് ഇയാളെയും അനീഷയെയും പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു.

# വിമർശനവും സ്വയംവിമർശനവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സവിശേഷത: പി. ജയരാജൻ

കണ്ണൂർ: സിപിഎം സംസ്ഥാന കമ്മിറ്റി യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനെയും സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദനെയും വിമർശിച്ചു എന്ന വാർത്തകളിൽ പ്രതികരണവുമായി മുതിർന്ന നേതാവ് പി. ജയരാജൻ.

പാർട്ടി സംസ്ഥാന സെക്രട്ടറിയെ പേരെടുത്ത് പറഞ്ഞും മുഖ്യമന്ത്രിയുടെ പേരുപറയാതെയും വിമർശിച്ചു എന്നാണ് വാർത്തകളിൽ പറയുന്നത്. വിമർശനവും സ്വയംവിമർശനവും മറ്റു രാഷ്ട്രീയ പാർട്ടികൾക്ക് ഇല്ലാത്തതും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളതുമായ ഒരു സവിശേഷതയാണെന്ന് അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിൽ വ്യക്തമാക്കി ഇത്തരം വാർത്തകൾ, വലതുപക്ഷ രാഷ്ട്രീയത്തെ, വിശേഷിച്ച് കോൺഗ്രസിനെയും ആർഎസ്എസ്-ബിജെപിയെയും നിശിതമായി എതിർത്തുകൊണ്ട് യഥാർഥ ജനാധിപത്യ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന സിപിഎമ്മിനെ തകർക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണെന്നും നേതൃത്വത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഇത്തരം വാർത്താനിർമിതികൾക്കെതിരായി നിയമനടപടി കൈക്കൊള്ളാൻ താൻ ഉൾപ്പെടെയുള്ളവർ പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ ഐകകണ്ഠേന തീരുമാനിച്ചതായും ജയരാജൻ കൂട്ടിച്ചേർത്തു.

പി. ജയരാജന്റെ ഫേസ്ബുക്ക് കുറിപ്പിന്റെ പൂർണരൂപം:

ജൂൺ 26,27 തീയതികളിൽ ചേർന്ന സിപിഐ(എം) സംസ്ഥാന കമ്മിറ്റി യോഗത്തിലെ ചർച്ച എന്ന രൂപത്തിൽ ചില മാധ്യമങ്ങളിൽ എന്റെ പേരുമായി ബന്ധപ്പെട്ട ഒരു വാർത്ത കാണുകയുണ്ടായി. പാർട്ടി സംസ്ഥാന സെക്രട്ടറിയെ പേരെടുത്ത് പറഞ്ഞും മുഖ്യമന്ത്രിയുടെ പേരുപറയാതെയും വിമർശിച്ചു എന്നാണ് ഈ വാർത്തകളിൽ പറയുന്നത്. വിമർശനവും സ്വയംവിമർശനവും മറ്റു രാഷ്ട്രീയ പാർട്ടികൾക്ക് ഇല്ലാത്തതും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളതുമായ ഒരു സവിശേഷതയാണ്. പക്ഷേ ഇത്തരം വാർത്തകൾ, വലതു പക്ഷ രാഷ്ട്രീയത്തെ, വിശേഷിച്ച് കോൺഗ്രസിനെയും ആർഎസ്എസ്-ബിജെപിയെയും നിശിതമായി എതിർത്തുകൊണ്ട് യഥാർഥ ജനാധിപത്യ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന സിപിഐ(എം) നെ തകർക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്.

സിപിഐ(എം)നും ഇടതുപക്ഷ രാഷ്ട്രീയത്തിനും നേതൃത്വം നൽകികൊണ്ടും സമൂഹത്തിലെ വിവിധമേഖലകളിൽ ഉയർന്നുവരുന്ന ജീർണതകൾക്കെതിരായും മുഖ്യമന്ത്രി സ: പിണറായിയും പാർട്ടി സെക്രട്ടറി സ: എം. വി. ഗോവിന്ദൻ മാസ്റ്ററും നൽകുന്ന ശക്തമായ നേതൃത്വത്തിലുള്ള വിശ്വാസം ഇടിച്ചുതാഴ്ത്താനുള്ള ഉദ്ദേശ്യമാണ് ഇത്തരം വാർത്തകൾക്ക് പിന്നിലുള്ളത്. അതിനാലാണ് പാർട്ടി നേതൃത്വത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഇത്തരം വാർത്താനിർമിതികൾക്കെതിരായി നിയമനടപടി കൈക്കൊള്ളാൻ ഞാൻ ഉൾപ്പെടെയുള്ളവർ പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ ഐകകണ്ഠേന തീരുമാനിച്ചത്.

# മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തെ പിന്തുടർന്ന് നമ്പരില്ലാത്ത കാർ; യാത്രക്കാരെ കസ്റ്റഡിയിലെടുത്ത് പോലീസ്

കോഴിക്കോട്: മുഖ്യമന്ത്രി പിണറായി വിജയന്റെ വാഹനവ്യൂഹത്തിനു പിന്നാലെ സഞ്ചരിച്ച രജിസ്ട്രേഷൻ നമ്പറില്ലാത്ത കാറിലെ യാത്രക്കാരെ കസ്റ്റഡിയിലെടുത്ത് പോലീസ്. അഞ്ചുപേരെയും ചോദ്യംചെയ്ത ശേഷം പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു. ഇവർക്കെതിരേ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഞായറാഴ്ച രാത്രി 10. 15ന് കോഴിക്കോട് ഗസ്റ്റ് ഹൗസിലേക്ക് വരികയായിരുന്ന മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിനു തൊട്ടുപിന്നിലായി അതേ വേഗത്തിൽ സഞ്ചരിച്ച കാർ വെസ്റ്റ്ഹിൽ ചുങ്കത്ത് പോലീസ് സംഘം തടയുകയായിരുന്നു. കാർ പരിശോധനയ്ക്കിടെ ഡാഷ് ബോർഡിനു മുകളിലായി വാക്കിടോക്കി കണ്ടെത്തി.

വിഐപി വാഹനവ്യൂഹത്തിന് പിന്നാലെ റജിസ്ട്രേഷൻ നമ്പരില്ലാതെ വേഗത്തിൽ സംശയകരമായി സഞ്ചരിച്ചതു കൂടി കണക്കിലെടുത്ത് ഇവരെ അറസ്റ്റ് ചെയ്ത് നടക്കാവ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയായിരുന്നു.

# യുട്യൂബ് നോക്കി പ്രസവം; കുഞ്ഞിനെ കുഴിച്ചിടുന്നത് അയൽവാസി കണ്ടതോടെ സ്ഥലം മാറ്റി: അനീഷയുടെ മൊഴി പുറത്ത്

തൃശൂർ: പുതുക്കാട് നവജാത ശിശുക്കളെ കമിതാക്കൾ കൊലപ്പെടുത്തി കുഴിച്ചുമൂടിയ കേസിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. കുഞ്ഞിന്റെ മൃതദേഹം വീടിന്റെ പിൻഭാഗത്ത് മറവ് ചെയ്യാൻ കുഴിയെടുത്തിരുന്നുവെന്നും എന്നാൽ അയൽവാസി ഇത് കണ്ടതോടെ വീടിന്റെ ഇടതുഭാഗത്തെ മാവിൻ ചുവട്ടിൽ കുഴിച്ചിട്ടെന്നുമാണ് പ്രതിയായ അനീഷ നല്കിയ മൊഴി. 2021ലാണ് ആദ്യത്തെ കുഞ്ഞ് ജനിക്കുന്നത്. പ്രസവിക്കുന്നതിന് മുൻപ് തന്നെ പൊക്കിൾക്കൊടി കഴുത്തിൽ കുടുങ്ങി കുഞ്ഞ് മരിച്ചെന്നായിരുന്നു യുവതി മൊഴി നൽകിയത്.

പിന്നീട് കുഞ്ഞിനെ ശ്വാസം മുട്ടിച്ചുകൊന്നതെന്ന് മൊഴി മാറ്റി. യൂട്യൂബ് നോക്കി ശുചിമുറിയിലാണ് പ്രസവിച്ചതെന്നും ഗർഭം മറച്ചുവെക്കാൻ വയറ്റിൽ തുണികെട്ടിയെന്നും അനീഷ പോലീസിനോട് പറഞ്ഞു. ഇറുകിയ വസ്ത്രങ്ങൾ ഒഴിവാക്കുകയും ചെയ്തു. കാമുകനും കൂട്ടുപ്രതിയുമായ ഭവിന്റെ ഫോൺ വഴക്കിനിടെ അനീഷ തല്ലിത്തകർത്തെന്നാണ് പോലീസിന് ലഭിച്ച വിവരം.

ഇതിൽ ആദ്യത്തെ കുഞ്ഞിന്റെ ചിത്രവും വീഡിയോയും ഉണ്ടെന്നാണ് ഭവിന്റെ മൊഴി. ഈ ഫോൺ കണ്ടെടുത്ത് ഫോറൻസിക് ലാബിലേക്ക് അയക്കും. ഇരുവരെയും ഇന്ന് കോടതിയിൽ ഹാജരാക്കി പോലീസ് കസ്റ്റഡിയിൽ വാങ്ങി ചോദ്യംചെയ്യും.

ജൂൺ 28ന് രാത്രിയായിരുന്നു ഭവിൻ നവജാത ശിശുക്കളുടേതെന്ന് അവകാശപ്പെട്ട് ഒരുകൂട്ടം അസ്ഥി അടങ്ങിയ ബാഗുമായി പുതുക്കാട് പോലീസ് സ്റ്റേഷനിൽ എത്തുന്നത്. തുടർന്ന് ഇയാളെയും അനീഷയെയും പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു.

# കീം: തമിഴ്നാട് മാതൃക ഇന്ന് മന്ത്രിസഭ പരിഗണിക്കും

തിരുവനന്തപുരം: കേരള എൻജിനിയറിംഗ് പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക തയാറാക്കുന്പോൾ കേരള സിലബസിൽ പ്ലസ് ടു പാസായ കുട്ടികളുടെ മാർക്കിൽ വ്യത്യാസമുണ്ടാകുന്ന രീതി അവസാനിപ്പിക്കാൻ തമിഴ്നാട് മോഡൽ നടപ്പാക്കുന്നത് ഇന്നത്തെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് എത്തും.

സംസ്ഥാന പോലീസ് മേധാവിയുടെ നിയമനവും ഇന്നു രാവിലെ ചേരുന്ന മന്ത്രിസഭ പരിഗണിക്കും. കീം റാങ്ക് പട്ടിക തയാറാക്കുന്പോൾ കേരള സിലബസിൽ പഠിച്ച വിദ്യാർഥികൾക്ക് മാർക്ക് കുറയുന്ന സ്റ്റാൻറേഡൈസേഷൻ രീതി അവസാനിപ്പിക്കാനാണ് തീരുമാനം. ഇതുസംബന്ധിച്ച് പ്രവേശന പരീക്ഷാ കമീഷണർ സമർപ്പിച്ച പുതിയ മാതൃക മന്ത്രിസഭ ചർച്ച ചെയ്യും. പ്രവേശന പരീക്ഷ പൂർത്തിയായി രണ്ടു മാസം പിന്നിട്ടിട്ടും സമീകരണ പ്രക്രിയയിൽ വ്യക്തതയില്ലാത്തതിനാൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാനായില്ല. എൻജിനിയറിംഗ് പ്രവേശന പരീക്ഷയിലെ സ്കോറും പ്ലസ് ടു/ തത്തുല്യ പരീക്ഷകളിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളിൽ നേടിയ മാർക്കും തുല്യഅനുപാതത്തിൽ പരിഗണിച്ചാണ് റാങ്ക് പട്ടിക തയാറാക്കുന്നത്. വിവിധ ബോർഡുകൾക്ക് കീഴിൽ വ്യത്യസ്ത നിലവാരത്തിലുള്ള പരീക്ഷ നേരിട്ട വിദ്യാർഥികളുടെ മാർക്ക് ഏകീകരിക്കുന്നതിന്റെ ഭാഗമായാണ് 2011 മുതൽ സമീകരണ പ്രക്രിയ നടപ്പാക്കിയത്. കഴിഞ്ഞ നാലു വർഷമായി കേരള സിലബസിലുള്ള കുട്ടികൾക്ക് പ്ലസ് ടു പരീക്ഷയിൽ ലഭിച്ച മാർക്ക് കുറയുന്ന രീതിയിലായിരുന്നു പ്രക്രിയ. ഇതുസംബന്ധിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചു. സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ബദൽ നിർദേശങ്ങൾ പരിശോധിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ സമർപ്പിച്ച നിർദേശമാണ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നത്. തമിഴ്നാട്ടിൽ വ്യത്യസ്ത പരീക്ഷാ ബോർഡുകളുടെ പ്ലസ് ടു പരീക്ഷയിൽ ലഭിച്ച മാർക്ക് സമീകരിക്കുന്നതിന് സമാനമായ രീതിയിലുള്ള നിർദേശമാണ് പ്രവേശന പരീക്ഷാ കമീഷണർ മുന്നോട്ടുവച്ചത്.

സംസ്ഥാന പോലീസ് മേധാവിയായി യുപിഎസ്സി അംഗീകരിച്ച മൂന്നു പേരുടെ പട്ടികയാണ് പരിഗണിക്കുക. ഇതിൽ നിന്ന് ഒരാളെയാകും തെരഞ്ഞെടുക്കുക. നിതിൻ അഗർവാളിനെ പരിഗണിച്ചാൽ ഇന്നു തന്നെ ചുമതലയേൽക്കും. കേന്ദ്ര ഡെപ്യൂട്ടേഷനിലുള്ള രവത ചന്ദ്രശേഖറിനെ പരിഗണിച്ചാൽ കേന്ദ്രത്തിൽ നിന്ന് ചുമതലകൾ ഒഴിഞ്ഞ് അദ്ദേഹം മടങ്ങിയെത്തും വരെ ഇൻ ചാർജ് ഡിജിപിയായിരിക്കും ചുമതല വഹിക്കുക. മൂന്നാം സ്ഥാനത്തുള്ളത് ഫയർ ഫോഴ്സ് മേധാവി യോഗേഷ് ഗുപ്തയാണ്. അദ്ദേഹം സർക്കാരുമായി ഇടഞ്ഞു നിൽക്കുകയാണ്.

## പേവിഷബാധയ്ക്കെതിരേ സ്കൂളുകളിൽ ഇന്നു ബോധവത്കരണം

തിരുവനന്തപുരം: പേവിഷബാധയ്ക്കെതിരെ ആരോഗ്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ഇന്ന് ബോധവത്കരണ പരിപാടി സംഘടിപ്പിക്കും. പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പേവിഷബാധയ്ക്കെതിരേ സ്കൂൾ കുട്ടികൾക്ക് അവബോധം നൽകുന്നതിനായി അസംബ്ലി സമയത്ത് ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ക്ലാസ് സംഘടിപ്പിക്കും. ഇതിനായി വിദ്യാഭ്യാസ വകുപ്പ് പ്രത്യേക നിർദേശം പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിലെ അസംബ്ലികളിൽ പ്രദേശത്തെ ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, നഗര ആരോഗ്യ കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ നിന്ന് ഡോക്ടർമാരോ ആരോഗ്യ പ്രവർത്തകരോ പങ്കെടുക്കും. ജില്ലകളിൽ ഒരു പ്രധാന സ്കൂളിൽ ജില്ലാ കളക്ടർ, ജനപ്രതിനിധികൾ, ആരോഗ്യ-വിദ്യാഭ്യാസ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാതല പരിപാടിയും സംഘടിപ്പിക്കും.

